പി. യു. വത്സലകുമാരി, പി. ഡി.

# അച്ഛമ്മ

അസ്തമനസൂര്യന്റെ തങ്കരശ്മികൾ പടിഞ്ഞാറെ മുററത്തേയ്ക്കു നീണ്ടുവന്നു തുളസിച്ചെടികളെ ആശ്ലേഷിച്ചു. മുററത്തെ പതിററടിപ്പൂക്കൾ പതുക്കെ കൺമിഴിക്കാൻ തുടങ്ങി. മഞ്ഞ, വെള്ള, ചുകപ്പ്, എല്ലാം; താൻ പണ്ടു കൊണ്ടു വന്നു നട്ടതാണ്. വേലിക്കരികിൽ നില്ക്കുന്ന മുളക്കൂട്ടത്തെ കാററു തഴുകിക്കൊണ്ടു കടന്നു പോയി. അവ ഉണ്ടാക്കിയ കലപില ശബ്ദം കേട്ടപ്പോൾ, നടവഴിയുടെ ഇരുവശങ്ങളിലും നിരന്നു നില്ക്കുന്ന തുളസിച്ചെടികളിൽ നിന്ന് പഴുത്ത ഇലകൾ കൊഴിഞ്ഞു വീഴുന്നതു കണ്ടപ്പോൾ അവളുടെ മനസ്സിന്റെ ഏതോ ഒരു കോണിൽ നിന്നും അവ്യക്തമായ ഒരു വേദന പടർന്നു കയറാനാരംഭിച്ചു.

എപ്പോഴും പടിഞ്ഞാറെ മുററത്തു വന്നിരിക്കരുതെന്നു വിചാരിക്കാറുണ്ട്. പക്ഷെ, അല്പം ഒഴിവു ലഭിക്കുമ്പോൾ അറിയാതെ അവിടെ വന്നിരുന്നു പോവുന്നു. തുളസിച്ചെടികളിലേയ്ക്ക് കണ്ണയക്കരുതെന്നു വിചാരിക്കാറുണ്ട്. പക്ഷെ കണ്ണുകൾ അവയിൽ ചെന്നു പതിച്ചു പോവുന്നു. എല്ലാമെല്ലാം അവളോട് വേദനാ ജനകങ്ങളായ കഥകൾ ഓതുകയാണ്.

"ഓ, ഇപ്പോൾ തുളസിയില ആവശ്യമില്ലല്ലോ. തുളസിയില കാണുമ്പോൾ അച്ഛമ്മയാണ് മനസ്സിലേയ്ക്കു കടന്നുവരുന്നത്.

വെളുത്ത റവുക്കയും, മുണ്ടും ധരിച്ച അച്ഛമ്മ; ചന്ദനക്കുറിയും, ആടുന്ന കാതുകളുമുള്ള അച്ഛമ്മ വെളുത്ത മുടിയിൽ തുളസിയില തിരുകിയ അച്ഛമ്മ; വേദന ഉറഞ്ഞു കൂടിയിരിക്കുന്ന കണ്ണുകളോടു കൂടിയ അച്ഛമ്മ, അങ്ങിനെ എന്തെല്ലാം ചിത്രങ്ങളാണ് ഓർമ്മയിലൂടെ തെന്നി വരുന്നത്.

അവളായിരുന്നു എന്നും രാവിലെ അച്ഛമ്മയ്ക്ക് തുളസിയിലകളും ചെമ്പരുത്തിപ്പൂക്കളും പൂജയ്ക്ക് കൊണ്ടു വന്നു കൊടുത്തിരുന്നത്. ചന്ദനത്തിരിയും, സാമ്പ്രാണിയും, ചന്ദനവും, പൂക്കളുംകൂടി സൃഷ്ടിക്കുന്ന ആ സുഗന്ധം ആസ്വദിക്കാൻ മാത്രം അവളെത്ര തവണ ആ പൂജമുറിയിൽ ചെന്നിരിക്കുന്നു. അവിടെ ഭിത്തിയിൽ വിഷ്ണുവിന്റേയും, ശിവന്റേയും, ഗണപതിയുടേയും ചിത്രങ്ങൾ തൂക്കിയിരുന്നു. നിലത്ത് ചെറിയ നിലവിളക്കും, ധൂപക്കുററിയും, കർപ്പൂരത്തട്ടും, ഗ്രന്ഥങ്ങളും, പുല്പ്പായും ഉണ്ടായിരുന്നു.

ഇപ്പോൾ ആ മുറി എങ്ങിനെയാണെന്നോക്കാൻ അവൾ ശ്രമിച്ചു. സന്ധ്യാദീപം കൊളുത്താൻ താൻ മാത്രമാണതിന്നുള്ളിൽ കടക്കുക. ഇപ്പോൾ വാതിൽ തുറന്നാൽ പഴകിയ ഒരു ഗന്ധമാണ് മൂക്കിൽ തള്ളിക്കയറാറുള്ളത്. ആ ഫോട്ടോകളൊക്കെ പൊടിയും, മാറാലയും പിടിച്ച് മങ്ങിയിരിക്കുന്നു. വളരെ നാളുകളായി

അതൊന്നു് വൃത്തിയാക്കണമെന്നു വിചാരിച്ചിട്ടു്.

അച്ഛമ്മ മാത്രമായിരുന്ന ആ വീട്ടിൽ അവരാക്കൊരു തുണ. അച്ഛനും, അമ്മയും അവളെ നേരത്തെതന്നെ വിട്ടുപിരിഞ്ഞിരുന്നു. പിന്നെ, അവിടെയുള്ളതു് ചെറിയച്ഛനും, ചെറിയമ്മയും, രജനിയുമാണു്. അവർക്കൊന്നും അവളോടു് ഒന്നു സ്നേഹപൂർവ്വം വർത്തമാനം പറയാൻപോലും സമയമുണ്ടായിരുന്നില്ല. ആർക്കും വേണ്ടാത്തതായി താൻ മാത്രമേ ആ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ.

അച്ഛമ്മ മരിച്ചിട്ടു് നാലു കൊല്ലമായിക്കാണും. തനിക്കന്നു് പത്തു വയസ്സേ ആയിരിക്കുള്ളൂ. എന്നും നേരം വൈകിയിട്ടേ സ്കൂളിലെത്തുകയുള്ളൂ. അപ്പോഴെല്ലാം അച്ഛമ്മ ചെറിയമ്മയോടു പറയും.

''ലീലേ, സമയം ഒമ്പതേമുക്കാലായി. ഇനി അവരാ പൊയ്ക്കോട്ടെ. ബാക്കി പണി നിനക്കങ്ങെടുത്തൂടെ''.

''ഓ, അമ്മ ശിപാർശിം കൊണ്ടെത്തി. ഇതൊക്കെ തീർത്തിട്ടു് പോയാൽ പ്പോരെ സ്കൂളിലേയ്ക്കു്. അവടെന്താ ഇവള്ടു് നേർത്തത്താത്ത കുറവു്. ഉച്ചയ്ക്കു കഴിക്കണേനു് കുറവൊന്നുംണ്ടാവാൻ പാടില്ല്യേനിം''

ഇതൊക്കെ കേൾക്കുമ്പോൾ തനിക്കു് പൊട്ടിക്കരയാൻ തോന്നാറുണ്ടു്. എന്നാൽ അച്ഛമ്മയുടെ വാത്സല്യപൂർണ്ണമായ നോട്ടം കാണുമ്പോൾ അവളതെല്ലാം മറക്കും. പാത്രം തേച്ചും, വെള്ളം കോരിയും തഴമ്പു പിടിച്ച തന്റെ കൈകളിലേയ്ക്കും, ലതയുടെ മൃദുവായ കൈകളിലേക്കും നോട്ടമയക്കുമ്പോൾ താൻ വിതുമ്പാറുണ്ടു്.

വൈകുന്നേരം സ്കൂൾവിട്ടു വരുമ്പോഴേക്കും തന്നെ കാത്തു് അനവധി ജോലികളിരിക്കുന്നുണ്ടായിരിക്കും. ചെറിയമ്മ സ്നേഹിതകളെ സന്ദർശിക്കാൻ പോയിരിക്കും.

പടിക്കലെത്തിയാൽ തന്റെ കണ്ണുകൾ, ഇടവഴിയിലേക്കു് കണ്ണും നട്ടു് തന്നെ കാത്തു് ഉമ്മറത്തെ ചാരുപടിയിൽ ഇരിക്കുന്ന അച്ഛമ്മയെ കാണാൻ ഉഴലുകയായിരിക്കും. വന്ന ഉടനേ തളത്തിലേക്കു വിളിച്ചു് തനിക്കു് കാപ്പിയും, പഴവും തരും. ആരും അറിയാതെ തനിക്കായി അച്ഛമ്മ പഴം വാങ്ങി വെച്ചിരിക്കും. അച്ഛമ്മക്കു കിട്ടുന്ന കാശെല്ലാം തനിക്കു് പഴം വാങ്ങാനായിരിക്കും അച്ഛമ്മ ചെലവാക്കുക.

''മോളേ, നമുക്കിന്നമ്പലത്തിൽ പോണം. വേഗം ഒരുങ്ങിക്കോളൂ''.

ഇതു കേൾക്കുമ്പോഴേക്കും താൻ സകല ജോലികളും തീർത്തു് പോകാൻ തയ്യാറായിരിക്കും.

അലക്കിയ മുണ്ടും, റവുക്കയും, കസവു വേഷ്ടിയും ധരിച്ച അച്ഛമ്മയോടൊപ്പം ഒരിലക്കുമ്പിളിൽ പുഷ്പങ്ങളുമായി അമ്പലത്തിൽ പോകുന്നതിന്നു് താനെത്ര കൊതിച്ചിരിക്കുന്നു. അമ്പലത്തിലെ പ്രശാന്തത താനിഷ്ടപ്പെട്ടു. അവിടെ പുൽത്തകിടിയിലിരുന്നു് താൻ എന്തെല്ലാം മനോരാജ്യം കൊള്ളാറുണ്ടു്. അമ്പലത്തിൽ താൻ സർവ്വസ്വാതന്ത്ര്യയാണു്. അച്ഛമ്മ ചുററമ്പലത്തിൽ നാമം ജപിച്ചു് തൊഴുകയായിരിക്കും.

അമ്പലത്തിന്റെ തെക്കുവശത്തു നില്ക്കുന്ന കൂററൻ പാലയിൽനിന്നു പുറപ്പെടുന്ന ദ്രുക്ഷഗന്ധം ആസ്വദിക്കുമ്പോഴും, ശംഖനാദം കേൾക്കുമ്പോഴും വിവരിക്കാനാവാത്ത എന്തോ ഒരു വേദന തനിക്കുണ്ടാകാറുണ്ടു്. അംബരദേവതയുടെ കവിൾ ചുവക്കുന്നതു കാണുമ്പോൾ, പക്ഷികൾ

കൂട്ടം കൂട്ടമായി കൂടുകളിലേക്കു മടങ്ങുന്നതു കാണുമ്പോഴും, അങ്ങകലെ നീലക്കുന്നുകൾ ഇരുട്ടിലലിഞ്ഞു തുടങ്ങുന്നതു കാണുമ്പോഴും തന്നിൽ ഏതോ ഒരു വികാരം നാമ്പെടുക്കാറുണ്ട്. ആകാശത്തിൻെറ ആ ഗഹനതയിലേക്ക് ഊളിയിട്ടു പോകാൻ തനിക്കു തോന്നാറുണ്ട്. താൻ താനല്ലാതാവുന്ന ഒരു പ്രതീതിയാണ് ഉണ്ടാവാറുള്ളത്. ആ സ്വപ്നലോകത്തിൽനിന്നും തന്നെ വിളിച്ചുണർത്താറുള്ളത് അച്ഛമ്മയാണ്.

''മോളേ, ദീപാരാധന കഴിഞ്ഞു നമുക്കു പോവണ്ടെ ?''

''എന്തച്ഛമ്മേ, കുറച്ചുകൂടി കഴിഞ്ഞിട്ടു പോകാം. എന്തൊരു സുഖമാണിവിടെ'' താൻ ശാഠ്യം പിടിക്കും.

''മതി, അത്രസുഖം മതി. ഇനി അവിടെചെന്നിട്ട് ലീല ലഹളകൂട്ടുന്നതു കേൾക്കണ്ടെ.'' അച്ഛമ്മ പറയും.

അച്ഛമ്മയുടെ ഒപ്പം വീട്ടിലേക്കു മടങ്ങുമ്പോൾ തനിക്ക് അഭൌമമായ ഒരു ശാന്തി കൈവന്നതായനുഭവപ്പെടാറുണ്ട്.

''അമ്മേം, മോളും കൂടെ എവടക്കാണാവോ പോയിരുന്നത്.'' ചെറിയമ്മയുടെ വാക്കുകളാണ് തന്നിൽ പരിസരബോധം ഉണ്ടാക്കുക.

''രമേ, നെന്നോട് കുളിമുറീല് വെള്ളം നെറക്കാൻ പറഞ്ഞിരുന്നില്ലെ?''

''ചെറിയമ്മേ, ഞാൻ വെള്ളം നെറച്ചിരുന്നു രജനി മുക്കി കുളിച്ചതാവും''. താൻ മറുപടി പറയും.

''പിന്നല്ലെ-അവനാൻ ചെയ്യാതെ ബാക്കിള്ളോരെ കുററം പറഞ്ഞാപ്പോരാ. വേഗം കോരിനെറച്ചോ''.

വേദനയോടെ തിരിയുമ്പോൾ നനവാർന്ന കണ്ണുകളോടെ തന്നെ നോക്കുന്ന അച്ഛമ്മയെ ആയിരിക്കും കാണുക.

''ലീലേ, അവള് വെള്ളം നറച്ചെന്നു ഞാൻ കണ്ടതാണ്. പിന്നെ അവൾക്ക് രജന്യേക്കാളും രണ്ടു വയസ്സേ ഏറുള്ളു എന്നോർക്കണം.''

''മതി, മതി വക്കാലത്ത്. രമേ എന്തെങ്കിലും പറേമ്പഴയ്ക്കും അമ്മ അവിടെത്തും അത്ര സങ്കടണ്ടെങ്കിൽ അമ്മക്ക് ചെയ്യായിരുന്നില്ലേ?''

പലപ്പോഴും താൻ കാരണം അച്ഛമ്മ അപമാനിതയാകാറുണ്ട്. ചെറിയച്ഛനോ മറ്റോ ഇതിനെപ്പററി പറഞ്ഞാൽ,

''വയസ്സായില്ലേ അമ്മയ്ക്ക്. ഇനി അവിടെ ലീല പറേണതു കേട്ടുമിണ്ടാതിരുന്നൂടെ. രമേക്കൊണ്ട് പണി എടുപ്പിക്കുന്നുണ്ടെങ്കിൽ അതിനു തക്ക ചെലവും ചെയ്യുന്നുണ്ട്.'' എന്നായിരിക്കും കേൾക്കുക.

രാത്രി അച്ഛമ്മയെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ പതുക്കെ ചോദിക്കും

''അച്ഛമ്മേ, അച്ഛമ്മെന്തിനാണ് എനിക്കു വേണ്ടി ഓരോന്നു പറയണത്. ന്ന്ട്ടല്ലെ അച്ഛമ്മക്കെപ്പഴും ഇങ്ങനത്തെ ഓരോന്ന് കേക്കണ്ടി വര്ണത്.''

''മോളേ, അച്ഛമ്മക്കതൊന്നും സാരല്ല്യ. മോളടെ കാര്യം ആലോചിച്ചാണ് അച്ഛമ്മക്കു സങ്കടം. എൻെറ കാലം കഴിഞ്ഞാൽ....................''ഇത്രയും പറയുമ്പോഴേക്കും താനും അച്ഛമ്മയും വിങ്ങിപ്പൊട്ടിയിരിക്കും.

''മോളെ, മോളച്ഛമ്മക്ക് രാവിലെ തുളസിയില കൊണ്ടന്നു തരണംട്ടൊ. നമുക്ക് പൂജിക്കാം. ഈശ്വരനിതൊക്കെ കാണുന്നുണ്ടാവും.'' മോളൊറങ്ങിക്കോളൂ.''

ഇതു കേട്ടാണ് താൻ മിക്ക ദിവസവും ഉറങ്ങാറുള്ളത്.

ഒരു ദിവസം വൈകുന്നേരം സ്കൂൾ വിട്ടു വന്നപ്പോൾ അച്ഛമ്മയെ ഉമ്മറത്തു കണ്ടില്ല. അകത്തേക്കു കുതിച്ചപ്പോൾ ഒരു

മുറിയിൽ കട്ടിലിന്മേൽ കിടത്തിയിരിക്കു ന്നതു കണ്ടു. മുറി നിറയെ ആളുകൾ കൂടി യിട്ടുണ്ടായിരുന്നു.

അടുത്ത വീട്ടിലെ നാണിയമ്മ ആരോ ടോ പതുക്കെ പറയുന്നതുകേട്ടു.

''വയസ്സുകാലത്തെ ഓരോരനുഭവം നോക്കണം. വലിയ ഭക്ത ഒക്കെ ആയി രുന്നു. പക്ഷെ കഷ്ടകാലത്തിനു് ഇന്നു് ആ കുളിമുറീല്, വഴുക്കിവീണു. ആ കുട്ടി വന്നിട്ടുവേണ്ടേ ഇനി വെള്ളം നിറക്കാൻ എന്നും പറഞ്ഞു് വെള്ളം കോരാൻ പുറ പ്പെട്ടതാണു. കാര്യം കൊറെ കുലുമാലാ ണെന്നാ ഡോക്ടർ പറഞ്ഞതു്. ഇനി ആ കുട്ടിടെ കാര്യം നല്ലരസാവും.''

തനിക്കൊന്നുറക്കെ പൊട്ടിക്കരയാനാ ണു് തോന്നിയതു്. നെഞ്ചിലൊരു റബ്ബർ പ്പന്തു തടഞ്ഞപോലെ അകത്തേക്കോടി ച്ചെന്നപ്പോൾ അച്ഛമ്മ കണ്ണടച്ചു കിടക്കുന്ന താണു് കണ്ടതു്. അച്ഛമ്മയെ പലവട്ടം വിളിച്ചെങ്കിലും കണ്ണു മിഴിച്ചില്ല. താൻ ഒന്നും മിണ്ടാതെ പടിഞ്ഞാറെ മുറ്റത്തു പോ യിരുന്നു.

തന്നോടവസാനമായൊന്നു മിണ്ടാതെ അച്ഛമ്മ അന്ത്യശ്വാസം വലിച്ചു. മരണ ത്തിന്റെ തണുപ്പു് ആ മുറിയെ വിഴുങ്ങി യിരുന്നു. അച്ഛമ്മയെ ചിതയിലേക്കെടു ത്തപ്പോൾ താൻ ഒറ്റയാക്കപ്പെടുകയാണെ ന്നവൾക്കു തോന്നി. അവൾ പൊട്ടിപ്പൊ ട്ടി കരഞ്ഞു. അച്ഛമ്മയുടെ മരണശേഷം ജീവിതം കയ്പു നിറഞ്ഞതാണെന്ന നിഗമ നത്തിൽ താനെത്തിച്ചേർന്നു. അവിടെ പൊള്ളുന്ന മണൽത്തരികൾ മാത്രമാണ വൾ കണ്ടതു്.

ചെറിയമ്മ അച്ഛമ്മയുടെ മരണശേ ഷം, ഇപ്പോൾ ആരാണു് ഭാഗം പിടിക്കാൻ വരുന്നതെന്നു ചോദിച്ചായിരുന്നു വേദനി പ്പിച്ചിരുന്നതു്. അതു കേൾക്കുമ്പോൾ താൻ പതുക്കെ, നിറയാൻ തുടങ്ങുന്ന കണ്ണു കൾ മറച്ചുകൊണ്ടു് പടിഞ്ഞാറെമുറ്റത്താ ശ്വാസം തേടുകയാണു് പതിവു്.

സന്ധ്യയായതറിഞ്ഞില്ല. ആകാശ ത്തിന്റെ വിരിമാറിൽ നക്ഷത്രക്കുഞ്ഞു ങ്ങൾ കണ്ണുമിഴിക്കാൻ തുടങ്ങി. പാലു പോലെ നരച്ച തലയുള്ള അമ്പിളി അമ്മാ മൻ പുഞ്ചിരിതൂകിക്കൊണ്ടു വന്നു. ആ നക്ഷത്രങ്ങളും ആരുമില്ലാത്തവരാണോ? അതാ അവരെയെല്ലാം അമ്പിളിയമ്മാവൻ ആശ്വസിപ്പിക്കുന്നു.

വെള്ളിനിലാവു് മുറ്റത്തെ തെങ്ങിൻ പട്ടകളിലൂടെ ഊർന്നിറങ്ങി മുറ്റത്തു് മനോ ഹരമായ ഒരു കാവ്യം രചിച്ചു. തെങ്ങിൻ പട്ടകളുടെ നിഴലിലേക്കുനോക്കിയപ്പോൾ അകാരണമായ ഒരു ഭയം മനസ്സിലുദിച്ചു. ചെറിയമ്മയും മററും സിനിമ കഴിഞ്ഞു വൈകിയേ വരുള്ളു. അതുവരെ താനൊററ ക്കിരിക്കണം. വല്ല കള്ളന്മാരും വന്നാക്ര മിച്ചാലോ? തലക്കൊരു കനമുള്ളതു പോലെ തോന്നി. താൻ തിണ്ണയിലേക്കു ചാരുകയായിരുന്നു. കണ്ണുകൾ താനേ അടഞ്ഞു. തനിക്കു് പരിചയമുള്ള ഏതോ ഒരു മണം അടുത്തുവരുന്നു. തണുത്ത വിര ലുകൾ നെററിയിൽ ചന്ദനം തൊടുവി ക്കുന്നു. ആരാണതു്?

''മോളേ" അച്ഛമ്മ മൃദുലമായി വി ളിച്ചു. അവൾ അച്ഛമ്മയുടെ മടിയിലേയ്ക്കു ചാഞ്ഞു.

# അണിയറയിലും അരങ്ങത്തും

**കെ. കുഞ്ഞലവി,** ബി. കോം. II

അങ്ങാടിയുടെ ഒരൊഴിഞ്ഞ കോണിലാണ് ആ രണ്ടാംക്ലാസ് മജിസ്ട്രേട്ട്കോടതി. മമ്മതിശ ഓടിക്കിതച്ചാ



ണ് കോടതിയിലെത്തിയത്. മജിസ്ട്രേട്ട് കേസ് വിചാരണ ആരംഭിച്ചിട്ടേ ഉള്ളൂ. വക്കീൽമാരെല്ലാം അതാതിടത്ത് സ്ഥാനംപിടിച്ചിട്ടുണ്ട്. യൂനിഫോറമിട്ട ശിപായി ''വിചാരണഗൃഹമസ്റ്റ''ന്റെ വായിലേക്ക് ഉററുനോക്കി നില്പാണ്. വക്കീൽമാരിൽ ചിലർ ഉറക്കം തൂക്കുന്നു; മററുചിലർ റിക്കാടിൻകെട്ടുമായി ശീതസമരത്തിൽ ഏർപ്പെട്ടിരിക്കയാണ്.

മമ്മതിശ കോടതിവരാന്തയിലേക്ക് കയറലും, ശിപായി കേസ്നമ്പ്ര് വിളിച്ചുപറയലും ഒന്നിച്ചുകഴിഞ്ഞു. അയാളുടെ വക്കീൽ തട്ടിപ്പിടഞ്ഞ് എഴുന്നേററു. റിക്കാടിന്റെ പുറത്ത് താൻ കുറിച്ചുവെച്ചിരുന്ന പോയന്റുകളിലേക്ക് ഒരിക്കൽക്കൂടി അയാൾ കണ്ണോടിച്ചു. ഒന്ന് തൊണ്ടയനക്കി. മുക്കിയും മൂളിയും ആരംഭിച്ച സംസാരം പെട്ടെന്ന് ആവേശത്തിലേക്ക് പ്രവേശിച്ചു. മുൻവരിയിലെ തെറിച്ചുനിന്നിരുന്ന പല്ലുകൾ അയാളുടെ ഇടമുറിയാത്ത സംസാരത്തിൽ പ്രതിഷേധം രേഖപ്പെടുത്തുന്നപോലെ തോന്നി. തന്റെ കൈവിരൽ ബലമായി ചൂണ്ടിയും മുഷ്ടി ചുരുട്ടിയും ചുണ്ടുകൾ കടിച്ചമർത്തിയും അയാൾ പ്രസംഗം തുടർന്നു. കലികയറിയ കോമരം കണക്കെ അയാൾ വിറച്ചിരുന്നു. അപ്പോൾ ആ വാക്കുകൾക്ക് ഒരു വെല്ലുവിളിയുടെ പ്രതീതി ഉണ്ടായിരുന്നു. തന്റെ വാദമുഖങ്ങളെല്ലാം ഓരോന്നോരോന്നായി പ്രദർശിപ്പിച്ചശേഷം അയാൾ സ്വസ്ഥാനത്തിരുന്നു.

ബാറിൽ പെട്ടെന്നൊരു ചലനം. എതിർവക്കീൽ ചാടി എഴുന്നേററതാണ്. സംഹാരരുദ്രനെപ്പോലെ അയാൾ എതിരാളിയുടെ നേരെ തിരിഞ്ഞു. തുടർന്ന് അന്തരീക്ഷമാകെ വാക്ശരങ്ങൾ പ്രവഹിക്കുകയായി. ഒന്നിന്നുപുറകെ മറെറാന്നായി കെട്ടിപ്പിണയുന്നു. ശബ്ദങ്ങളുടെ കസർത്തുകൾ ! അതുവരെ ഉറക്കം തൂങ്ങിയിരുന്ന ജഡ്ജി ഞെട്ടിയുണർന്ന് ഇരുവരേയും തുറിച്ചുനോക്കി. അയാൾ ചിലപ്പോൾ കടലാസിൽ വല്ലതും കുത്തിക്കുറിക്കും. മററുചിലപ്പോൾ അവ്യക്തമായ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കും. ചൂടുപിടിച്ച വാഗ്വാദങ്ങൾക്കിടയിൽ

കൂടക്കൂടെ വക്കീൽമാർ ആവർത്തിച്ചിരുന്ന ''യുവർ ഓണർ'' മാത്രമാണ് മമ്മതീശക്ക് പിടികിട്ടിയിരുന്ന ഏകപദം. അയാൾ അസ്വസ്ഥനായി. എല്ലാം ശ്രദ്ധിച്ചു കേട്ടു, ഒന്നും മനസ്സിലായില്ലെങ്കിലും വക്കീൽ പറയുന്ന ഇംഗ്ലീഷ് തനിക്കറിഞ്ഞുകൂടെങ്കിലും അയാൾ ''കോഴികൊത്തുമ്പോലെ കൊത്തുന്നുണ്ടെന്ന്'' മമ്മതീശ്ശ മനസ്സാ അഭിനന്ദിച്ചു. തന്റെ വക്കീലിനെപറ്റി ''ബമ്പൻ'' എന്നൊരഭിപ്രായം മനസ്സിൽ പാസാക്കുകയും ചെയ്തു.

അപ്പോഴും വക്കീൽമാരുടെ സംസാരം നിലച്ചിരുന്നില്ല. കാരണം കൂടാതെതന്നെ അവർ കൂടക്കൂടെ ഏറ്റുമുട്ടിയിരുന്നു. തന്റെ എതിരാളിയെ ഇടിച്ച് തരിപ്പണമാക്കാനുള്ള ദേഷ്യമുണ്ട് ഇരുവക്കും. അവർ അന്യോന്യം ചെറുത്തു നില്ക്കുന്നപോലെ തോന്നി. അവരുടെ മുഖഭാവത്തിൽ ക്രൂരതയുടെ നിഴലാട്ടമുണ്ടോ?

മമ്മതിശ്ശ തികച്ചും അസ്വസ്ഥനാണ്. തന്റെ കേസ്സ് വാഗ്‌വാദം കഴിയുന്നതിനു മുമ്പുതന്നെ അവർ തമ്മിൽതല്ലി പിരിയുമൊ? ''പടച്ചോനെ'' കോടതിയിൽ വെച്ച് അത് സംഭവിക്കരുതെ''—അയാൾ മനസാ പ്രാർത്ഥിച്ചു.

വക്കീൽമാർ തങ്ങളുടെ വീരപരാക്രമങ്ങൾ അപ്പോഴും തുടരുകയായിരുന്നു. അവർ പരസ്പരം കീഴടങ്ങാനുള്ള ഭാവമേ ഇല്ല! മമ്മതീശ്ശയുടെ ചെറുപ്പക്കാരനായ വക്കീലിന്റെ വിചാരം വൃദ്ധനായ എതിരാളിയെ എളുപ്പം കീഴടക്കാമെന്നാണ്. എതിരാളിയുടെതാകട്ടെ മറിച്ചും. നിമിഷംപ്രതി അവരുടെ വിരോധത്തിന്ന് മൂച്ചുകൂടിവരികയാണോ?

വാക്ശരങ്ങൾ തൊടുത്തു വിടുന്നതിന്നിടയിൽ പെട്ടെന്ന് മമ്മതീശ്ശയുടെ വക്കീൽ മുമ്പിലിരുന്ന തടിച്ച നിയമപുസ്തകം കയ്യിലെടുത്തു. ഒരു നിമിഷം! അയാൾ എതിർ വക്കീലിനെ അടിച്ച് നിലംപരിശാക്കുമോ എന്ന് മമ്മതീശ്ശ ഭയന്നു. ആവൂ. പെട്ടെന്ന് സ്ഥിതിശാന്തമായി. കയ്യിലെടുത്ത പുസ്തകം ഡസ്സിന്മേൽ മന്ദമായി ഒന്നിടിച്ച് അയാൾ തൃപ്തിപ്പെട്ടു.

നിമിഷങ്ങൾക്കുശേഷം, ചൂടുപിടിച്ച അന്തരീക്ഷം ഒന്ന് ആറിത്തണുത്തു. നെററിയിൽ കുനുകുനെ പൊടിഞ്ഞിരുന്ന വിയർപ്പു കണങ്ങൾ ടവ്വലെടുത്ത് ഒപ്പിക്കളഞ്ഞ ശേഷം വക്കീൽമാർ അതാതിടത്ത് ഇരുന്നു. എങ്കിലും അവരുടെ പരസ്പരമുള്ള ഉറ്റുനോട്ടത്തിൽ അപ്പോഴും തീരാത്ത പകയുടെ കരിനിഴൽ വീശിയിരുന്നില്ലെ? ''പുറത്തിറങ്ങട്ടെ കാണിച്ചുതരാം'' അവരുടെ മുഖഭാവം വിളിച്ചുപറയുന്നില്ലെ? ഏതായാലും കേസിനെക്കുറിച്ച് മമ്മതീശ്ശക്ക് തൃപ്തിയായി. കേസ് മറെറാരു തിയ്യതിക്ക് നീട്ടി. വക്കീൽമാർ കോടതിയെ താണ് വണങ്ങി

WITH

COMPLIMENTS

FROM

MACMILLAN & CO., LTD.

6, PATULLO ROAD,

MADRAS-2

ബാറിൽനിന്നു് പുറത്തിറങ്ങി. വാതിൽ കടന്നു് വക്കീൽ മുറിയിലേക്കു് പ്രവേശി ക്കുമ്പോൾ അവർതമ്മിൽ ഒരു ഉരസൽ നട ന്നുവോ? പക്ഷെ സംഭവവികാസങ്ങൾ ശാന്തമായിതന്നെ തുടന്നു.

മമ്മതീശ്ശ പെട്ടെന്നാണു് ഓർത്തത്, വ ളരെനേരമായി ഒന്നു മുറുക്കിയിട്ടെന്നു്. പ ല്ലുകൾക്കാകെ ഒരുതരം തരിപ്പ്. അയാൾ ഒരു ''കെട്ടു്'' വാങ്ങാനായി കച്ചേരി പടി ക്കലേക്കു് നീങ്ങി. അപ്പോൾ അയാളുടെ ചിന്ത തന്റെ കേസിനെകുറിച്ചായിരുന്നി ല്ല., വക്കീൽമാരുടെ പരാക്രമങ്ങളെ കുറി ച്ചായിരുന്നു.

''പടച്ചോനെ, അവർ കോടതിയിൽ വെച്ച് തമ്മിൽതല്ലാഞ്ഞതു് നന്നായി''.— അയാൾ സമാധാനിച്ചു ''വക്കീൽ മുറി യിൽവെച്ചെങ്ങാനം അവർ വീണ്ടും ഏററു മുട്ടുമോ?''—ഭയാശങ്കകൾ അയാളെ പിടി കൂടി. ഞെടിയിടകൊണ്ടു് അയാൾ വാ തില്ക്കലെത്തി കഴിഞ്ഞു. ''ആവും വിധം അവരെ പറഞ്ഞ് പഞ്ചായത്താക്കാം''— അയാൾ മനസ്സിൽ ഉറപ്പിച്ചു.

ഒരു നിമിഷം .... അയാൾ അമ്പരന്നു പോയി. അയാൾക്കു തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

വക്കീൽമാർ ഇരുവരും കാപ്പികുടിക്കു ന്നതിന്നിടയിൽ എന്തോ ''ഹരം'' പറഞ്ഞു് പൊട്ടിച്ചിരിക്കുന്നു .... എന്ത്, നിമിഷ ങ്ങൾക്കുമുമ്പു് ബദ്ധശത്രുക്കളായിരുന്ന അ വർ ഇത്രക്ഷണം ആത്മാർത്ഥസുഹൃത്തുക്കളാ യി മാറിയെന്നോ?


മമ്മതീശ്ശ സ്തംഭിച്ചുപോയി! ''ഹെന്ത്? അപ്പോൾ അവർ കോടതിയിൽ വെച്ച് തന്റെ കണ്ണിൽ പൊടിയിട്ടതായിരുന്നു അല്ലെ? .... പണം തട്ടാൻവേണ്ടി .... കള്ള ഹമുക്കുകൾ'' അയാൾ തിരിഞ്ഞു നടന്നു.

# APRIL FOOL TO THE DEVIL

M. A. ABDULLAKUTTY, P. D.

MY room-mate is a studious lad. Not or him silly yarns, practical jokes, lle chatter and things like that. He nd I share a room in the Main Hostel- room which faces the morning side f the hill. Last Sabbath I woke up eisurely at eight in the morning with ny arms stretched from Pole to Pole with a king size yawn which almost hook the foundation. There were full wenty four hours of holiday before me nd the cool breeze of the morning vas just what the doctor had ordered. My gab which was silent all night ow craved for some exercise and I ent up to the chair where my friend vas reading in earnest, with my head lled with programmes. But he, anti- ipating my move yelled out "Get vashed and on with your breakfast."

From the tone of his voice I realised at he meant business and so I dashed the toilet and returned twenty nutes later looking the very picture a young Apollo. The next twenty nutes I spent in the Mess gobbling rees—and washing the whole thing wn with liberal quantities of coffee. my return to my room I thought I could once again attempt to [illegible] the day's programme with oom-mate but he would not allow to whisper even a mono-syllable, anti-social insect. Looking over shoulder I found him tracking Magellan's voyage to the Spice Islands with the aid of a tattered atlas. A grunt from him is like the veto of



Russia's Gromyko in the United Nations so back I went to my chair in the opposite corner and indulged in some day dreaming.

Not merely day dreaming but some serious reflections such as the chances of a rain holiday on the morrow, Chou-en-Lai's perfidy, my dhobi's impudence, whether T. T. K. would force out the black money in the land and the unemployment which stared at the educated youngsters of to-day. I myself had earned my B. A. degree in Economics two years earlier and roamed half a dozen towns to bag a job. But no job having come my way, I joined the Law College to

mark time as it were. It was more than ever clear to me that only University prizemen and those who obtained classes stood a chance of getting fixed up in life. The third class graduate had to hitch his wagon to kismet. Did I say that I looked an Apollo? Well, I was looking more like Socrates now.

My thoughts received a rude jolt when I heard a gentle knock at the door. My room-mate who opened it, admitted a barrel-shaped figure draped in kaki uniform which smelt of body odour. Obviously this apparition had not heard of that twentieth century marvel "Nodour Soap" which the Commercial Service of a friendly radio station spoke of twenty times a day. However he was the genial postman—an employee of the Union Government which I was not. He held out a post card to me. Now all the world knows that when a postman hands out a missive be it a sealed envelope, an inland letter or a common-or-garden postcard the recipient's heart goes thumping. My heart went berserk since I was wondering who on earth had sent this card to me.

Was it from Burma-Shell; Stanvac or Hindustan-Lever, or Gwalior Rayons, Bharath Pistons or what?!! Then I read the message (fortunately in English) that it was an invitation to an interview leading to the appointment as a lower division clerk in the Northern Railway. Heavens! A government job atlast and I let off a wolf-whistle.

That settled it. That wolf whistle produced boyish and girlish laughter.

I looked around me in my little room. Holy smoke! it was not my little room. Here I was in the second bench of the middle row of the Pre-Degree class where the lecturer was explaining the terms "Infinitive" and "Present and Past Participle." In spite of that wolf whistle I looked sheepish—black sheepish at that!! He advanced towards me like that monster (I forget its name) created by that scientist (I forget his name too) but with a beaming smile.

He asked me "Where do you think you are my lad? Run up to the tap, wash your face and come back." What an uproar there was in the class as I walked out crestfallen and what an uproar there was when I returned ten minutes later!! And I who for a few seconds imagined that I was a Bachelor of Arts of two years' standing with visions of a seat on the Railway Board thirty years from now!! Those lines of Rudyard Kipling came back to me:

" If you can dream —

and not make dreams your master;

If you can think —

and not make thoughts your aim."

Really in my young life I have been an April Fool year after year. But then it was my compeers who had made me so. This was the first time (and I hope the last time) that the Devil had made me an April Fool.

ചെറുകഥ

# ചിററമ്മ

പി. എ. വസന്തകുമാരി, പി. ഡി. സി.

"**ഭൌ ഭൌ**" നായ കുരച്ചു. "ഛരായ് നാശം പിടിച്ച നായ. മനുഷ്യനു സ്വൈരം തരില്ല!"

ഇത്രയും പറഞ്ഞ് ലതിക പുറത്തേക്കിറങ്ങിവന്നു. കണ്ടാൽ കൊള്ളാവുന്ന മുഖം. പൂമുഖത്ത് തപാൽശിപായി വന്നു നില്ക്കുന്നു. ലതിക പുഞ്ചിരിച്ചു. ശിപായി ഒരു ഇൻലൻറ് കൊടുത്ത് കടന്നുപോയി. അവൾ തിടുക്കി എഴുത്ത് പൊട്ടിച്ച് വായന തുടങ്ങി. വായിച്ചു തീർന്നപ്പോൾ അവൾക്ക് സന്തോഷം തോന്നി. ആകട്ടെ, ചേച്ചി അടുത്ത് തന്നെ വരുമല്ലോ! അവൾ വാർത്ത അമ്മയെ അറിയിക്കാൻ വേണ്ടി ഓടി.

"അമ്മേ, ജാംഷഡ്പൂരിൽ നിന്ന് ചേച്ചിടെ കത്തുണ്ട്. അടുത്തമാസം വരുമത്രെ. ചേട്ടൻ ഇത്തവണ വരുന്നില്ല. ചേട്ടനു ലീവില്ലത്രെ. ചേച്ചി അടുത്തുള്ളവരുടെ കൂടെയാണത്രേ വരുന്നത്."

ഒരു വർഷം മുന്നെയാണ് ചേച്ചിടെ കല്ല്യാണം കഴിഞ്ഞത്. ചേച്ചിടെ വിവാഹം കഴിഞ്ഞതിനുശേഷമാണ് ചേട്ടന് ജോലിക്കയററം ലഭിച്ചത്. അതുകൊണ്ടു നവവധു ഭാഗ്യവതിയും ശ്രീത്വമുള്ളവളും ആണെന്ന് എല്ലാവരും കരുതി. "ചേച്ചി സുശീലയും സുന്ദരിയുമായിരുന്നു." ലതിക ഓർത്തു. താൻ പ്രീയൂനിവേഴ്സിററിക്ക് പഠിക്കുമ്പോഴാണ് ചേച്ചിടെ വിവാഹം കഴിഞ്ഞത്. രാജേട്ടന് ലീവ് കഷ്ടിയായിരുന്നു. അതുകൊണ്ട് എല്ലാം ഒരു ഞൊടിയിടക്ക് കഴിഞ്ഞു. എല്ലാം ലതിക വ്യക്തമായോർത്തു.

ഒരു നാൾ താനും ചേച്ചിയും കൂടെ അമ്പലത്തിൽ നിന്നു വരികയായിരുന്നു. ഉമ്മറത്ത് ആരോ ചിലർ ഇരിക്കുന്നുണ്ട്.

"അയ്യോ, ലതീ, ഉമ്മറത്ത് ആരോ ഉണ്ട്. നമുക്ക് തെക്കുവശത്തൂടെ പോകാം."

"ഉം എന്തിനാ? നമ്മളെ ആരെങ്കിലും പിടിച്ചോണ്ട് പോവോ? ഈ ചേച്ചിക്ക് വല്ല്യശങ്കയാണ്." "പറഞ്ഞതനുസരിച്ചോളൂ" ചേച്ചി തെക്കുവശത്തൂടെ നടന്നു കഴിഞ്ഞു. പിന്നെ വഴങ്ങാതെ നിവൃത്തിയുണ്ടോ?

അകത്തു വന്നപ്പോഴല്ലേ കാര്യം മനസ്സിലായത്. ചേച്ചിക്ക് നാണം കൊണ്ടനങ്ങാൻ വയ്യ. നല്ല സന്തോഷം തോന്നി. ഒന്നയാളെക്കാണാൻ കഴിഞ്ഞാൽ .... വാതിലിൻെറ മറവിൽനിന്ന് ഒളിഞ്ഞു നോക്കി. നല്ല സുന്ദരനായ ഒരു യുവാവ്; കിട്ടിയ വാർത്തയും കൊണ്ട് അകത്തേക്കോടി. ചേച്ചി കട്ടിലിൽ കിടന്നു തുന്നുകയാണ്.

"ചേച്ചീ!" ....: "ഉം! എന്താ?"

"കണ്ടു." "എന്ത്?"

"ചേട്ടനെ"

ചേച്ചിടെ മുഖം ചുകന്നു തുടുത്തു.

"അയ്യേ്യ : നിനക്ക് ഭ്രാന്ത്ണ്ടോ ലതീ! നിക്ക് കേക്കണ്ട!"

''കററാണോ ചേച്ചി തെക്കവശത്തുടെ വന്നതു് ! എനിയ്ക്കറിയസൂത്രൊക്കെ.''

''നന്നായി ! ''

താൻ ചീപ്പെടുത്ത് ചേച്ചീടെ മുടിമാടിത്തുടങ്ങി.

''എടി പെണ്ണേ ! ഇതെന്തു കളിയാണ്''

''ഓ ! ചേച്ചി, എനിക്കെന്നും ഇനി ഇതു കഴിയുമോ ? ''

''കള്ളി !'' ചേച്ചി തന്റെ കവിളിൽ പതുക്കെ ഒന്നുനുള്ളി.

വിവാഹം കഴിഞ്ഞ് നിറഞ്ഞ കണ്ണുകളോടെ ഭർത്തൃഗൃഹത്തിലേയ്ക്കു് യാത്രയായ ആ നവവധുവിനെ ആരും മറക്കില്ല. ചേച്ചിയെകാത്ത് ദിനങ്ങൾ തള്ളി നീക്കി.

''ഈശ്വരാ ഈ ചേച്ചിയൊന്നു വേഗം വന്നെങ്കിൽ. അമ്മേ ചേച്ചിടെ കത്തിലുണ്ട് ഒരു തൊട്ടില് തീർത്തേക്കാൻ.'' അമ്മയും ലതികയും ചിരിച്ചു.

* * *

ചേച്ചി വന്നശേഷം സമയം നീങ്ങുന്നതു് ലതിക അറിയാറില്ല. താനൊരു ചിററമ്മയാകാൻ പോകുന്നു എന്ന ചിന്ത അവളെ അഭിമാനം കൊള്ളിച്ചു.

ദിനങ്ങൾ കടന്നു പോകുന്തോറും ചേച്ചിയുടെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി.

ആരും അതത്രകാര്യമാക്കിയില്ല. എന്നാൽ ലതിക സദാ ചേച്ചിയുടെ അരികിൽത്തന്നെ കഴിച്ചുകൂട്ടി.

ഉച്ചയൂണു കഴിഞ്ഞ് ഒരു ദിവസം ലതിക മുറിയിലേയ്ക്കു വന്ന സമയം സുശീല പരിഭ്രമത്തോടെ എന്തോ ഒളിച്ചു വെയ്ക്കാൻ ശ്രമിച്ചു.

''എന്താ സുശി ചേച്ചി ! ഇത്ര പരിഭ്രമമൊക്കെ? കാര്യം പറ'' ''ഒന്നുല്ല്യ '' ലതിക അത്ര കാര്യമാക്കിയില്ല.

ഒരു ഞായറാഴ്ച രാജേട്ടൻ വന്നു. അന്നൊരു ആഹ്ലാദദിനമായിരുന്നു. ചേച്ചി മിക്കസമയത്തും ഉറങ്ങിക്കഴിച്ചുകൂട്ടും. രാജേട്ടൻ വന്നതിനുശേഷമാണതിനു് കുറേ മാററം വന്നതു്. രാജേട്ടൻ സ്വതേ തമാശക്കാരനാണ്.

ചേച്ചി ഇടയ്ക്കു പറയും.

''രാജേട്ടനു് വേണ്ടതൊക്കെ ചെയ്തുകൊടുക്കണംട്ടോ ലതീ ! ഒന്നും ആവശ്യപ്പെട്ടില്ല. ഒക്കെ അറിഞ്ഞു ചെയ്തു കൊടുക്കണം''. രാജേട്ടന്റെ എല്ലാ കാര്യവും താൻ ശ്രദ്ധിക്കാറുണ്ട്. ബെഡ്—കോഫികൂടി മറക്കാറില്ല.

ഒരുനാൾ എല്ലാ ജോലിയും കഴിഞ്ഞ് സുശീലയും ലതികയും കൂടെയിരുന്ന് സംസാരിയ്ക്കുകയായിരുന്നു.

''ചേച്ചീ ! പിന്നെ : ........''

താൻ ചിരിച്ചുതുടങ്ങി. ''ഉം : എന്താ ?'' ചേച്ചി അന്വേഷിച്ചു. ലതികയ്ക്കു് ചിരി വന്നാൽ വിഷമമാണ്. രാജേട്ടൻ കടന്നു വന്നു.

''ലതീ, നിന്റെ ചിരി ഒന്നു നിർത്തിക്കൂടെ ? ഈ സന്തോഷത്തിനുമാത്രം കരയേണ്ടിവരും. പറഞ്ഞേയ്ക്കാം.'' ചേച്ചി കവിളിൽ പിടിച്ചുനുള്ളി.

''ഓ ! പിന്നെ എന്നെ കുററം പറഞ്ഞാൽമാത്രം പോര : രാജേട്ടാ, ഈ സുശിചേച്ചിയ്ക്ക് ഒരു നന്ദീംല്ല്യ. മനുഷ്യനായാലിത്തിരി നന്ദിവേണംല്ല്യേ രാജേട്ടാ ?''

''ശരിയാണ് മോളെ !''

''ഓ കൊള്ളാം. ഒരേട്ടനും അനിയത്തീം''

''സുശിചേച്ചി, തോ....... !'' ചേച്ചി ലതികയുടെ വായ പൊത്തി.

''മിണ്ടാതിരിയ്ക്കെടീ !'' ചേച്ചി ഈഷ്യയോടെ പറഞ്ഞു. രാജേട്ടൻ മന്ദഹസിച്ചു.

''പെൺകുട്ടികളായാൽ ഇത്തിരി അടക്കം വേണം.''

''ഓ എന്താണെന്ന് തോന്നും വർത്തമാനം കേട്ടാൽ........!''

രാജേട്ടൻ പറഞ്ഞു.

''ചേച്ചീടെ മോനെന്താ പേരിടാ?''

''മോനോ, മോളോ?'' രാജേട്ടൻ ചോദിച്ചു. ഏട്ടനെന്താണ് ഇഷ്ടം? നിയ്ക്ക് മോനെയാണ്.''

''എനിയ്ക്കും.'' രാജേട്ടൻ സപ്പോർട്ട് ചെയ്തു.

''സുശിയ്ക്കോ? ചേട്ടൻ കുസൃതിയോടെ ചോദിച്ചു.'' ഓ! എൻെറ ഇഷ്ടം അറിഞ്ഞിട്ടെന്തു വേണം? ഏതായാലും എനിയ്ക്കിഷ്ടം പെൺകുട്ടിയേയാണ്.''

''ആൺകുട്ടിയാണെങ്കിൽ എന്താ പേരിടാ? ലതി പറയ്യ,'' രാജേട്ടൻ പറഞ്ഞു.

''ചേട്ടൻ പറയ്യ!''

''സുരേഷ് കുമാർ!''

''ഒ! സുരേഷ്കുമാർ!'' ചേച്ചി നീരസം നടിച്ചു. ''ഈ കുമാറൊന്നും വേണ്ട!'' രാമദാസ്! അതാ നല്ലത്'' അതു കേട്ടപ്പോഠം ചിരിവന്നു. 'രാമദാസ്! സീതാദാസനല്ലല്ലോ! കുറേഭേദം. ചേച്ചിയ്ക്ക് ഒരു ഫാഷനുമില്ല. ചേട്ടാ ദിലീപ് കുമാർ! എന്താ?'

'റെഡി! അസൽ പേരു്. എന്താ സുശീ? ആട്ടെ പെൺകുഞ്ഞാണെങ്കിലോ 'ചിററമ്മേ!' 'അയ്യോ!' ഈ രാജേട്ടനെന്താ?' ലതികയ്ക്ക് നാണം തോന്നി!

'സുശിച്ചേച്ചി പറ! എന്തു പേരിടും!'

'സീതാലക്ഷ്മി! നല്ല പേരു്!'

സുശീല പറഞ്ഞു.

'ങാ; നല്ല പേരു്! നീ മാത്രമേ പറയൂ! ചിററമ്മ പറയട്ടെ! ഫാഷൻ പേരുകളൊക്കെ ചിററമ്മയ്ക്കെ അറിഞ്ഞൂട,'

വേണ്ടട്ടോ രാജേട്ടാ! ഞാൻ പറയാം. എൻെറ കൂടെ പഠിച്ച ഒരു കുട്ടിയുടെ അനിയത്തിടെ പേരാണ്. എനിയ്ക്ക് വല്ല്യഷ്ടാണ്. ''സ്മിതാഞ്ജലി.''

''ബലേഭേഷ്! അല്ലേ ചേച്ചീ!'' രാജേട്ടൻ തമാശയോടെ പറഞ്ഞു.

'പെൺകുട്ടിയാണെങ്കിൽ ഞാനും ലതിയും സ്മിതേ എന്നു വിളിയ്ക്കും!' ചേട്ടൻ പറഞ്ഞു.

'ഞാൻ സീതേ എന്നേ വിളിയ്ക്കൂ.' എന്നായി ചേച്ചി.

'അല്ലാ ചേച്ചീ നിങ്ങഠം രണ്ടാളും യോഗീശ്വരന്മാരായോ? ഭാവി പ്രവചനം കൂടി.......................!' മൂന്നുപേരുംകൂടി പൊട്ടിച്ചിരിച്ചുപോയി.

* * *

അന്ന് ചേച്ചിയുടെ പിറന്നാളായിരുന്നു. തലേന്നുതന്നെ ഒരുക്കം കൂട്ടാൻ തുടങ്ങി! ലതികയ്ക്ക് സന്തോഷം തിരതല്ലിയിരുന്നു. ചേച്ചി ക്ഷീണംകാരണം കിടത്തമാണ്. ''അ മ്മേ ആ രെ യൊ ക്കെ ക്ഷണിയ്ക്കണം?''

''മോളേ, ചേച്ചിയുടെ സമയം അത്ര നന്നല്ല. പിന്നെ നിൻെറ നിർബ്ബന്ധം കൊണ്ടാണിത്രയെങ്കിലും ഒരുക്കിയതു്. രാജനും ഇവിടെഉണ്ട്.''

''ശരി അമ്മേ! ഏതായാലും രമയെ ക്ഷണിക്കണം;''

''അതൊക്കെ ചെയ്തോളൂ.''

''ചേച്ചി നാളെയല്ലേ പിറന്നാള്?''

''ലതികേ, നിനക്കൊന്നു ഒതുങ്ങിനടന്നുകൂടെ? ഇങ്ങിനെണ്ടോ മനുഷ്യരു്? നിനക്ക് നല്ല അടികൊള്ളാഞ്ഞാണ്?''

ചേച്ചി ശാസിച്ചു.

ലതികയ്ക്ക് സങ്കടം തോന്നി.

''ഓ! ഞാൻ മിണ്ടുന്നില്ല വല്യ ഒരാളുതന്നെ!'' അവഠം കണ്ണുപൊത്തി എഴുന്നേററു.

''നന്നായി ! എന്തിനാ സുശീ അവളെ കരയിച്ചത് ? കണക്കായി. പിണക്കം തീർത്തോളൂ. ''

''ലതീ ! മോളെ നോക്ക് ചേച്ചി കളി പറഞ്ഞതാണ്. അയ്യേ ഇതിനൊക്കെ ആരെങ്കിലും കരയ്യോ ? നോക്ക് അമ്മിണീ ഒന്നു ചിരിക്ക് ! ചേച്ചീടെ തങ്കമല്ലെ ?'' ''സ ഭാ ഷ് ! ഞാ ൻ ജ യി ച്ചു ല തി ക ചിരിച്ചു.''

''ചേട്ടാ'' കിടക്കു വിരിച്ചുവെച്ചിരിക്കുന്നു. കിടന്നോളൂ. ലൈററിട്ടേ ഉറങ്ങാവൂ. പാൽ തലയ്ക്കലാണ് അടച്ചുവെച്ചതു്. തട്ടിപ്പോകണ്ട. രാവിലെ നേരത്തെ എഴുന്നേല്ക്കണം. '' ഗുഡ്നൈററ്. ''

* * * *

''കൊള്ളാം. രാജേട്ടാ ഇങ്ങിനെയാണോ വാക്കു പാലിക്കുന്നതു്. നല്ലരസം ! 6 മണിയ്ക്കെഴുന്നേല്ക്കാമെന്നു പറഞ്ഞിട്ടു നേരം 7 മ ണി യാ യി. ങാ ! എഴുന്നേല്ക്കു. വേഗം ബെഡ്കോഫിയിതാ. ''

രാവിലത്തെ ജോലികഴിഞ്ഞു രമയെ ക്ഷണിയ്ക്കാൻ പോയി ! മടങ്ങിവന്നപ്പോഴം ചേച്ചി ഒരുവിധം കളികഴിച്ചിരുന്നു.

''മോളെ പെട്ടിതുറന്നു ആ കസവു പൊതി ഇങ്ങെടുക്ക്........''

ലതികപൊതിയെടുത്ത് പൊതിയഴിച്ചു. ''ഒരു ഹാററ് ! പൈജാമ ! ജുബ്ബ !'' വളരെ ചെറിയവയായിരുന്നു.

''ഇതായിരുന്നോ ജോലി ! ചേച്ചിയ്ക്ക് പെൺകുട്ടിയെയാണിഷ്ടം എന്നു പറഞ്ഞിട്ടിങ്ങിനെയാണോ ?''

''അതു് നിങ്ങളെ എതിർത്തതാണ്.

''ആണ്ടൈററ്. രാജേട്ടനോട്........''

''ലതീ, കു സൃ തി കാ ട്ട ണ്ട''. ലതി പൊതിയെടുത്തോടി. രാജേട്ടൻ ഉറക്കെ ചിരിച്ചു. സുശീല ലജ്ജിച്ചു. ''ലതീ ഞാൻ മിണ്ടില്ല.''

ഊണു കഴിഞ്ഞപ്പോഴേക്കും ചേച്ചിയ്ക്ക് മുൻപ്തന്നെ ഉണ്ടായിരുന്ന അസുഖം ഒന്നു കൂടി വദ്ധിച്ചു. രാജേട്ടൻ നേഴ്സിനെ കൂട്ടിക്കൊണ്ടുവന്നു. രാജേട്ടൻ ഉല്ക്കണ്ഠയോടെ പൂമുഖത്ത് ഉലാത്തിക്കൊണ്ടിരുന്നു. ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് കുട്ടിയുടെ കരച്ചിൽ ഉയന്നു. ലതിക തുള്ളിച്ചാടി.

''രാജേട്ടാ ! ആൺകുട്ടി ! ''

''സത്യം ?'' രണ്ടുപേരും ചിരിച്ചു. ലതിക അകത്തേയ്ക്കു പോയി ! നേഴ്സിൻെറ മുഖം വാടിയിരുന്നു.

''എന്താ നേഴ്സ് ? '' ലതിക ചോദിച്ചു.

''എന്താ നേഴ്സ് ?'' രാജേട്ടനും ചോദിച്ചു.

''ഞാനെന്തു ചെയ്യും ? മിസ്റ്റർ രാജൻ ! ഇവരുടെ ജീവൻ അപകടസന്ധിയിലാണ്.''

'' നേഴ്സ് ! '' അതൊരു വിങ്ങിപ്പൊട്ടലായിരുന്നു.

''നേഴ്സ് ! '' ഞാൻ യാചിയ്ക്കുന്നു. ''ഒന്നുകൂടി നോക്കു !''

''ചികിത്സയിൽനിന്നവർ അതീതയായിക്കഴിഞ്ഞു.'' എല്ലാവരും കരഞ്ഞു.

അല്പസമയത്തിനുള്ളിൽ വിഷമിച്ച് ചേച്ചി കണ്ണു തുറന്നു. മുറി നിശ്ശബ്ദമായിരുന്നു ലതികയുടെ തേങ്ങലൊഴിച്ചാൽ !

''ലതീ ! ഞാൻ എൻെറ ഓമനപുത്രനെ നിനക്ക് .... തരുന്നു എൻെറ ചിററമ്മേ. .... അവനെ .... ഒരിക്കലും അമ്മയില്ലാത്ത .... ദുഃഖം അറിയിക്കരുത്.'' ചേച്ചി ശ്വാസം ശ്വസിക്കാൻ വിഷമിച്ചു. അടുത്തിരുന്ന രാജേട്ടൻെറ മുഖത്ത് നോക്കി ചേച്ചി വിഷമത്തോടെ പുഞ്ചിരിച്ചു. ''അങ്ങയുടെ .... സുശീ പോകുന്നു .... അങ്ങയുടെ .... കുഞ്ഞിന് .... അവൻെറ ചിററമ്മയ്ക്കിഷ്ടമുള്ള പേരിട്ടേക്കു.''

''നിങ്ങൾ സംസാരിക്കാതെ കിടക്കണം!'' നേഴ്സ് പറഞ്ഞു.

''നേഴ്സ്!'' ചേച്ചി മന്ത്രിച്ചു. അതു കഴിഞ്ഞ് അവർ തിരിഞ്ഞ് ലതികയെ നോക്കി: പിന്നെ രാജേട്ടനേയും: എന്നിട്ട് വേദനയോടെ ചിരിച്ചു. ഈ ലോകം കണ്ടു കൊതി തീരാത്ത പോലെ! ''ചിററമ്മ ആ ചുണ്ടുകൾ പതുക്കെ മന്ത്രിച്ചു.''

*　　*　　*

''ചേച്ചി മരിച്ചിട്ട് 6 മാസത്തോളം കഴിഞ്ഞു.'' ലതിക ഏതാണ്ട് ജീവഛവമായിക്കഴിഞ്ഞിരുന്നു. രാജേട്ടൻ ''ട്രാൻസ്ഫറി''ന് അപേക്ഷിച്ചിട്ട് വീട്ടിന്നടുത്തു കിട്ടിയിരിക്കുയാണ്. മോൻ ലതികയുടെ അടുത്താണ്. ഏട്ടൻ ചേച്ചിയുടെ മരണത്തിന്നശേഷം ഒരിക്കലേ വന്നിട്ടുള്ളു. ''വരാതിരുന്നെങ്കിൽ ....!'' എന്ന് ഇടയ്ക്ക് ലതിക പ്രാത്ഥിക്കാറുണ്ട്. ''ആ ദുഃഖാകുലമായ മുഖം കണ്ടുകൂട!'' മോൻ ലതികയെ ചിററമ്മയെന്നാണ് വിളിക്കുന്നതു്. ലതിക അവനെ ഉറക്കിലും പിരിയാറില്ല. എല്ലാവരും രാജേട്ടനെ പുനർവിവാഹത്തിന്നു നിർബ്ബന്ധിച്ചു.

''വേണ്ട! ഇനി എനിക്കതിലൊന്നും ആഗ്രഹമില്ല.''

ചേട്ടൻ ദുഃഖം ഒതുക്കുന്നതു കണ്ടാൽ സകല നിയന്ത്രണവും നശിക്കുയാണ്: ഇടയ്ക്ക് ആ ദുഃഖിതനായ മനുഷ്യൻ നിശ്ശബ്ദമായിരുന്ന് കരയുന്നതു കാണാം. അപ്പോഴൊക്കെ ലതിക ചേച്ചിയുടെ ശാന്തവും ശാലീനവുമായ മുഖം ഓക്കാറുണ്ട്.

''കുഞ്ഞിനെന്തു പേരിടണം!'' രാജേട്ടനോട് വിഷമിച്ചെങ്കിലും അവൾ ചോദിച്ചു!

'അവൻെറ ചിററമ്മയ്ക്കിഷ്ടമുള്ളത്!' ചേട്ടൻ ദീർഘനിശ്വാസത്തോടെ പറഞ്ഞു. ഒടുവിൽ ദിലീപ് എന്നുതന്നേ പേരിട്ടു. കുഞ്ഞ് ഒരു ദുഃഖവുംകൂടാതെ വളന്നു.

അവന്ന് ഒരു വയസ്സായി. ലതികയെ വിവാഹം കഴിക്കാൻ കൂട്ടുകാരൊക്കെ നിർബ്ബന്ധിച്ചു. പക്ഷെ ചേട്ടൻ വിസമ്മതിച്ചു.

ഒരുദിവസം രാജേട്ടൻ വന്നു. ലതിക പാൽ തിളപ്പിക്കുയായിരുന്നു. നായ കരയുന്നതു കേട്ട് കുഞ്ഞുമോൻ ഇഴഞ്ഞിഴഞ്ഞു വന്നു നോക്കി. അടക്കാനാകാത്ത ആവേശത്തോടെ ചേട്ടൻ അവനെ എടുത്ത് തെരുതെരെ ചുംബിച്ചു. കുഞ്ഞിനു് നല്ല ചിരിതന്നെ. ലതിക വാതില്ക്കൽനിന്നു് നോക്കി! ''സ്നേഹധനനായ പിതാവ്!'' അവൾ അറിയാതെ തേങ്ങിപ്പോയി. ചേട്ടൻ തല ഉയർത്തി നോക്കി. ചേട്ടൻ ശബ്ദിച്ചില്ല. 'അമ്മൂ, കുറച്ചു കാപ്പി ഉണ്ടാക്കൂ.' ലതിക വിളിച്ചു പറഞ്ഞു.

''വേണ്ട ചിററ....! വേണ്ട ലതികേ കഷ്ടം! ചേട്ടൻ ഇനി ഒരിക്കലും ചിററമ്മേ എന്നു വിളിക്കില്ലേ! അവൾക്ക് ദുഃഖം തോന്നി. ചേട്ടൻ എന്തു മാതിരിയായി. കവിളൊട്ടി; കണ്ണുകുഴിഞ്ഞു; ആ ചൈതന്യമററ മുഖം ഇന്ന് ചൈതന്യമററതാണ്. പാവപ്പെട്ട മനുഷ്യൻ! ചിററമ്മയെക്കണ്ട് കുഞ്ഞുമോൻ ഉതിന്നു ചാടി അവരുടെ സാരി പിടിച്ചുവലിക്കാൻ തുടങ്ങി.

'ലതീ! ഞാൻ.......മോനെ കൊണ്ടുപോകാൻ വന്നതാണ്!'' വിമ്മിഷ്ടത്തോടെ ഒററ ശ്വാസത്തിൽ ചേട്ടൻ പറഞ്ഞു തീർത്തു.

''ങേ! ചേട്ടാ.................... ?''

''ലതീ! നീയൊരു പെൺകുട്ടിയല്ലേ! അന്യഗൃഹത്തിൽ പോയാൽ ഇതൊരു ശല്യമാണ്. അതുകൊണ്ട് അവനെ ഞാൻ തന്നെ വളത്താം. അവൻ കാരണം നീ കഷ്ടപ്പെടുന്നതെനിക്കിഷ്ടമല്ല.''

''ചേട്ടാ...................................!''

“വേണ്ട! ഞാൻ തീർച്ചയാക്കി. ഇന്നുള്ള സ്വാതന്ത്ര്യം വളർന്നാൽ നിനക്കുണ്ടാകില്ല.”

“ചേട്ടാ! ദിലീപ് നിങ്ങളുടേതു മാത്രമാണോ? ചേച്ചിയുടെ പേരിൽ എനിയ്ക്ക അവകാശമില്ലേ? ആ സ്ഥിതിക്ക് അവനെ വളർത്താൻ എനിയ്ക്ക് ബാദ്ധ്യതയില്ലേ? രാജേട്ടാ, മോനെ ഞാൻ വളർത്താം. എന്റെ ചേട്ടനല്ലെ, ചേട്ടാ ഞാൻ കാലു പിടിച്ചപേക്ഷിയ്ക്കാം.”

ചേട്ടൻ കുറച്ചുനേരത്തേയ്ക്ക് ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു. “വേണ്ട ലതി! അതു വേണ്ട! ഞാൻ നിന്റെ ശോഭനമായ ഭാവിജീവിതത്തിന്ന് വിഘ്നമായാൽ സുശിയുടെ ആത്മാവ് എനിയ്ക്കൊരിക്കലും മാപ്പുതരില്ല. ആദ്യം ലതികയൊന്നും മിണ്ടിയില്ല. കുറച്ചു കഴിഞ്ഞവൾ തുടർന്നു.

“ശരി! ചേട്ടാ ആകട്ടെ!” അവൾ വിങ്ങിപ്പൊട്ടി. അവൾ ദിലീപിന്റെ കൈ പിടിച്ചിട്ട് തലതാഴ്ത്തി ഇരിയ്ക്കുന്ന രാജേട്ടനെ നോക്കിപ്പറഞ്ഞു. “ഇതാ ചേട്ടാ, ചെട്ടന്റെ മോൻ. ഞാൻ അറിയാതെ പറഞ്ഞതാണ്. എത്രയായാലും ചിററമ്മ അമ്മയാണല്ലൊ ചേട്ടൻ........... അച്ഛനല്ലെ.......അവൾ പൊട്ടിക്കരഞ്ഞു. ചേട്ടൻ തല ഉയർത്തിനോക്കി. നീർനിറഞ്ഞ രണ്ടു തടാകങ്ങൾ ചേട്ടൻ പതുക്കെ ചിരിച്ചു.

“ലതീ, കുഞ്ഞിനെ നീ വളർത്തിക്കൊൾക. എന്നെന്നേയ്ക്കുമായി ഞാൻ അവനെ നിനക്കു തരുന്നു. ചിററമ്മേ ഇനി ഞാൻ അവകാശവാദവുമായി വരില്ല. ഒരിക്കലും........... ” ചേട്ടൻ നടന്നു മറിഞ്ഞു. ലതികയ്ക്ക് പൊട്ടിക്കരയണമെന്നു തോന്നി.............................

ആയിടെയാണ് ലതികയുടെ വിവാഹാലോചന വന്നത്. രാജേട്ടനാണ് അതിനുവേണ്ടി യത്നിച്ചത് ലതികയ്ക്ക് എല്ലാവരോടും ഈഷ്യതോന്നി. പക്ഷേ രാജേട്ടന്റെ ആഗ്രഹത്തിന്ന് ഒടുക്കം വഴങ്ങിക്കൊടുത്തു. ഭർത്തൃഗൃഹത്തിലേയ്ക്ക് അവൾ ദിലീപിനെക്കൂടെ കൊണ്ടുപോയി. ഭർത്താവിനെക്കുറിച്ചോ ഭർതൃഗൃഹത്തിനെക്കുറിച്ചോ അവൾക്കൊരഭിപ്രായവുമുണ്ടായിരുന്നില്ല. അവൾ മിയ്ക്കസമയവും ദിലീപിന്റെ അടുക്കെ കഴിച്ചുകൂട്ടി. അതു് ഭർത്താവിനോ ഭർത്തൃസഹോദരിയ്ക്കോ ഇഷ്ടമില്ലെന്ന് ലതിക മനസ്സിലാക്കി. പുഛിച്ചുള്ള വാക്കു കേട്ടാൽ അവൾ തന്നോടല്ലെന്നു കരുതും. ദുഃഖത്താൽ ആ മനസ്സ് മരവിച്ചിരുന്നു. ക്രമേണ ഭർത്താവ് പരസ്യമായി ചോദിച്ചു. “എന്തിനാണീ ഭാരമൊക്കെ തലയിലേററിയതു്? ഇതൊക്കെ എളുപ്പമാണോ?”

“കൊള്ളാം. ഇതൊക്കെ സമ്മതിച്ചല്ലെ കല്യാണം നടന്നതു്. ഇതാദ്യമേ പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നിങ്ങൾക്ക് നല്ലൊരു പെൺകുട്ടിയെ കിട്ടുമായിരുന്നു. എനിക്കു സ്വസ്ഥതയും ലഭിച്ചിരുന്നേനെ.”

“കൊള്ളാം. അപ്പോൾ നിനക്കിത്ര ആത്മാർത്ഥതയേ ഉള്ളു. നല്ലതുതന്നെ. നല്ല കാര്യം.”

“എന്നെ തെററിദ്ധരിയ്ക്കരുത് എന്നെപ്പററി ഞാൻ ചിന്തിയ്ക്കുന്നില്ല. ഈ കുഞ്ഞ് എന്റെ സവ്വസ്വമാണ്. ചേച്ചിടെ പേരിൽ എന്റെ ബാദ്ധ്യത വലുതാണ്. ജീവൻ കൊടുത്തും ഞാനതു പാലിയ്ക്കും. ഈ കുഞ്ഞിനു് അല്പംപോലും ദുഃഖം വന്നാൽ................ അതെനിയ്ക്കു സഹിക്കില്ല........... അതുമാത്രം. ചേച്ചിയുടെ ആത്മാവ് എനിയ്ക്കു് മാപ്പേകില്ല. ഒരി

ക്കല്പം ........... അദ്ദേഹം കാര്യമായൊന്നും പറയാതായി.

ദിലീപിന്റെ കസൃതി അവഠംക്ക് ദുഃഖങ്ങളിൽനിന്ന് തല്ക്കാലം രക്ഷനല്കി. അവനെ പാലൂട്ടിയും ഉറക്കിയും അവഠം കഴിച്ചുകൂട്ടി. അതിൽ ഒരാത്മസംതൃപ്തി അവഠം കണ്ടു. ഭർത്തൃഗൃഹത്തിലെ കയ്ക്കുന്ന അനുഭവങ്ങളൊക്കെ സ്നേഹനിധിയായ ചേച്ചിയുടെ പേരിൽ അവഠം സഹിച്ചു.

ഒരുദിവസം വളരെ വൈകിയിട്ടും മോൻ എഴുന്നേല്ക്കുന്നതു കണ്ടില്ല. ലതിക ചെന്നു നോക്കി. നന്നായി പനിയ്ക്കുന്നുണ്ട്. വീട്ടിലാർക്കും ഒരു ശ്രദ്ധയുമില്ല. ''നോക്കൂ, ദിലീപിനു് അസുഖം കൂടുതലാണു്.'' ഓഫീസിലേയ്ക്കു പുറപ്പെടുന്ന ഭർത്താവിനോടവഠം പറഞ്ഞു.

''ഓ അത്രയൊന്നുമുണ്ടാകില്ല നിനക്ക് വലിയ പരിഭ്രമമാണു്. നാളെയാകട്ടെ'' അദ്ദേഹം നിസ്സാരമാക്കി. ഓ ഇവക്കൊക്കെ എന്താണ് അല്ലെങ്കിൽ ഓഫീസിൽ നിന്ന് വരുമ്പോഠം ഡാക്കറെ ഒന്നു കണ്ടുകൂടെ ഓ മറന്നു. കുഞ്ഞുമോൻ ഇവക്കു അന്യനല്ലെ. രാജേട്ടനു് എഴുതിയാലോ? വേണ്ട ബുദ്ധിമുട്ടിയ്ക്കുണ്ട. വൈകുന്നേരമായപ്പോഴേയ്ക്കും മിക്കവാറും ബോധം ഉണ്ടായിരുന്നില്ല. ഇതുനേരമായിട്ടും ഏട്ടത്തിയോ അനിയനോ കുഞ്ഞിനെ ഒന്നു കണ്ടിട്ടില്ല, രോഗവിവരമന്വേഷിച്ചിട്ടില്ല. ലതിക വേദന ചവച്ചിറക്കി. ഭക്ഷണം കഴിയ്ക്കുയോ കുളിയ്ക്കയോ ചെയ്തില്ല.

''നീ എന്താണ് ചെയ്യുന്നത് നാളെ വൈകുന്നേരം ഓഫീസിൽ നിന്നു വരുമ്പോഠം ഡാക്കറെ കൊണ്ടുവരാം.''

''നാളേയ്ക്ക്....!''

''ഓ! നിന്റെ ചേച്ചിയ്ക്കേ കുട്ടികളുള്ളൂ?'' ഏട്ടത്തി പറഞ്ഞു!

''നീ വല്ലതും കഴിക്കൂ ലതികാ!''

അവളൊന്നും പറഞ്ഞില്ല. രാജേട്ടനു് എഴുതട്ടെ. ഇവരന്യർ! ലതിക രാജേട്ടനു് മടിച്ചു മടിച്ചു കത്തെഴുതി.

രാജേട്ടാ,

വന്ദനം : ആദ്യമായി ഒരു കാര്യം പറഞ്ഞോട്ടെ! ഇങ്ങിനെ അധികപേരെയും സുമംഗലികളാക്കരുതു്. ഞാൻ കിടന്നു വലയുകയാണു്. ചേട്ടാ, കുഞ്ഞിനു് സുഖമില്ല. വേഗം വരണം. ഇവിടെ മോനു് സുഖമില്ല. അവനു് വല്ലതും വന്നാൽ അച്ഛനെന്ന നിലയ്ക്കു് അങ്ങേയ്ക്കാണു് നഷ്ടം! ചിററമ്മയെന്ന നിലയിൽ എനിയ്ക്കും. അതുകൊണ്ടു് ചേട്ടാ, വേഗം വരൂ.

എന്നു്,

ചേട്ടന്റെ ലതിക.

കത്തയച്ചപ്പോഠം വേണ്ടായിരുന്നു എന്നു് തോന്നി.

'നാളെ ആശുപത്രിയിൽപ്പോകാം.'' അദ്ദേഹം പറഞ്ഞു.

''വേണ്ട ഞാൻ ചേട്ടനു് എഴുതിയിട്ടുണ്ടു്.'' ''എന്തു് ? ഞങ്ങഠംക്ക് ഇത്ര ഗതിയില്ലേ ? നീ ഞങ്ങളെ പരിഹസിയ്ക്കുയല്ലേ ചെയ്തതു്. കുട്ടിയെ ചികിത്സിക്കാനൊക്കെ പണം എനിയ്ക്കുണ്ടു്. ''നിന്റെ രാജേട്ടൻ'' ''അതിനെന്താ? രാജേട്ടൻ അവന്റെ അച്ഛനല്ലെ.'' എങ്ങിനെയോ നേരംപുലർന്നു. ദിലീപ് പിച്ചും പേയും പറയാൻ തുടങ്ങി. ഭർത്താവ് ഡാക്കറെ കൊണ്ടുവരാൻ പോയിരുന്നു. ''ചിററമ്മേ .......നിയ്ക്കുമ്മല്ലേ്യ.'' ലതികക്കു് പൊട്ടിക്കരയാൻ തോന്നി. ''ഇന്നുവരെ അവൻ ചോദിയ്ക്കാത്ത ചോദ്യം. ''അമ്മേ...............''

ആ വിളി അന്തരീക്ഷത്തിൽ തങ്ങി. ദിലീപ്‌ തൻെറ ചിററമ്മയെ വിട്ടുപിരിഞ്ഞു. അവരം കരഞ്ഞില്ല. കുറേ ആളുകരംകൂടി. അവളാശവം നോക്കിയിരുന്നു. ഭർത്താവ്‌ ഡാക്ടറോടുകൂടി വന്നു. അദ്ദേഹത്തിൻെറ സ്വരം കുററബോധം നിറഞ്ഞതായിരുന്നു. അവരം തീ പാറുന്ന ഒരുനോട്ടം കൊടുത്ത്‌ പറഞ്ഞു. "നല്ലത്‌ ആ പണം ലാഭമായി അല്ലെ? " സന്ധ്യയായതോടെ ശവം മറവുചെയ്തു. ചേട്ടൻ വന്നില്ല, സന്ധ്യയായപ്പോഴേയ്ക്കും ചേട്ടൻ വന്നു. ചേട്ടൻ പൊട്ടിക്കരഞ്ഞു. "മോളെ വിധിയുടെ കളിയാണ്‌." ആ ചാമ്പൽക്കുമ്പാരത്തിൽ ലോകം കാണാൻ കൊതിച്ച ഒരു കിളി എരിഞ്ഞടങ്ങി. രാത്രി ഇരുണ്ടുകൂടി ഇടിയും മിന്നലും വദ്ധിച്ചു. മഴ ധാരയായി പെയ്തു തുടങ്ങി. രാത്രി വീടു മുഴുവൻ നിശ്ശബ്ദതയിലാണ്ടു. ലതിക പതുക്കെ എഴുന്നേററു. ഒരു പൊതിയും കൈയിലുണ്ടായിരുന്നു. വാതിൽ തുറന്ന്‌ ഇരുട്ടിലൂടെ നടന്നു. പകൽ വെളിച്ചത്തിലെപ്പോലെ ആ കാല്‌ മുന്നോട്ടു നീങ്ങി. ഇരമ്പി ആക്ന്നെ ശബ്ദംകേട്ട്‌ ഒരുന്മാദിനിയെപ്പോലെ .... അവളോടി. മാറത്തടക്കിപ്പിടിച്ച പൊതിയിൽ അവരം ഇടയ്ക്കു ചുംബിച്ചു കൊണ്ടിരുന്നു. ഇടിയും മിന്നലും കൂസാതെ ആ ഉന്മാദിനി ഓടിത്തുടങ്ങി.

* * *

രണ്ടുനാലു നാരംകഴിഞ്ഞ്‌ റോഡിലൂടെ ഒരു മലിനവസ്ത്രധാരി നടന്നിരുന്നു. ക്ഷൌരം ചെയ്യാത്ത മുഖമുള്ള, ദുഃഖാകുലമായ ഒരു കഥ ഒതുക്കിനിർത്തിയ ഒരു യുവാവ്‌. ചിലർ യാചകനെന്നും ഭ്രാന്തനെന്നും വിളിച്ചു. "ചിററമ്മയെക്കണ്ടോ? " 'കുഞ്ഞുമോനെക്കണ്ടോ? " അയാരം ചോദിച്ചു ആരും ഒന്നും പറഞ്ഞില്ല. അയാരം നടന്നു. പുഴക്കരയിലെത്തി. അവിടെ കുറേ ആളുകരം കൂടിയിരുന്നു ഒരു ചീഞ്ഞ ശവം കിടത്തിയിരുന്നു, ആ യാചകൻെറ കണ്ണുകരം തിളങ്ങി, അയാരം കുനിഞ്ഞ്‌ മാറിൽ അടക്കിയ പൊതി അഴിച്ചു. "ഹാററ്‌, ജൂബ്ബ, പൈജാമ അയാളുടെ കണ്ണുനിറഞ്ഞു. ആ കണ്ണുകളിൽനിന്നു ഒരു തുള്ളി കണ്ണീർ ഉതിന്നു വീണു. വായിൽ നിന്നു മൂന്നക്ഷരവും. "ചിററമ്മ."

# മുത്തമാല ● ● ● . . .

എം. ടി. ആസ്യ, പി. ഡി. സി

കവിഹൃദയങ്ങൾ പറന്നു ചെന്നു് മധു നുകരാറുള്ള താമരമലർ ജനനംകൊള്ളുന്നതു് എല്ലാവർക്കും അറപ്പു തോന്നിപ്പിക്കുന്ന ചളിയിൽ നിന്നാണല്ലൊ? അതുപോലെ സൗന്ദര്യറാണികളും ചിലപ്പോൾ ദാരിദ്ര്യത്തിന്റെ നാറുന്ന ചുററുപാടിൽ ജനിയ്ക്കാറുണ്ടു്. അങ്ങിനെ ദാരിദ്ര്യരാക്ഷസിയുടെ വിളയാട്ടത്തിൽ മുങ്ങിപ്പോയ ഒരു നായർ തറവാടാണു് "മലമുട്ടിൽ" രാമൻ നായരുടേതു്. അദ്ദേഹം പതിനൊന്നു പുത്രീപുത്രന്മാരുടെ പിതാവാണു്. സുമതി രാമൻനായരുടെ ആറാമത്തെ പുത്രിയാണു്. സൗന്ദര്യത്തിന്റെ നിറകുടമായ ആ മാണിക്യക്കല്ലു്, ദാരിദ്ര്യത്തിന്റെ കയ്പക്കുഴിയിൽ വീണുപോയി. ഏതൊരു പുരുഷനെയും ഒററ നോട്ടത്തിൽതന്നെ ഹഠാദാകർഷിയ്ക്കുന്ന സൗന്ദര്യമുണ്ടവൾക്കു്. ഭാഗ്യവശാൽ അവളുടെ അമ്മാവന്റെ കരുണകൊണ്ടു് സുമതിയ്ക്കു് എട്ടാംക്ലാസ്സുവരെ പഠിയ്ക്കാൻ അവസരം ലഭിച്ചു. ഈ കാലത്തിനിടയ്ക്കു് അവൾക്കു് ഉയന്ന തറവാട്ടിലെ സമ്പന്നരായ പല കൂട്ടുകാരികളെയും ലഭിച്ചു. പച്ചപ്പരിഷ്കാരിയായ ലീലയും അവളുടെ തോഴിയായി മാറി. പക്ഷെ മിക്ക കൂട്ടുകാരികളും സമ്പന്നരും, പരിഷ്കാരികളുമാണു് അവളോ ഒരു നിർദ്ധനയും. കൂട്ടുകാരികളുടെ ഉയന്ന രീതിയിലുള്ള ജീവിതത്തിൽ അവൾക്കസൂയയായിരുന്നു. പക്ഷെ അവൾക്കൊന്നുംതന്നെ സുമതിയുടെ അത്ര സൗന്ദര്യമില്ലായിരുന്നു. സൗന്ദര്യത്തിന്റെ കാര്യത്തിൽ അവൾ തന്നെയായിരുന്നു മുന്നണിയിൽ. പക്ഷെ ഇന്നത്തെ ലോകത്തിൽ സൗന്ദര്യത്തിനല്ലല്ലോ സ്ഥാനം സമ്പത്തിനല്ലെ? അതിനാൽ ആ സൗന്ദര്യവതിയുടെ, സൗന്ദര്യലഹരിയിൽ ആരുടെയും മനം കലങ്ങിയില്ല. എന്നാൽ അവൾ തന്നെ തന്റെ സൗന്ദര്യത്തിൽ അഭിമാനിച്ചിരുന്നു.

കാലചക്രം തിരിഞ്ഞുകൊണ്ടേ ഇരുന്നു. വിധിയുടെ ഹസ്തങ്ങൾ പലർക്കും പലവക സമ്മാനങ്ങൾ നല്കി. അങ്ങിനെ സുമതിയ്ക്കു് നല്കിയതും ഒരു നല്ല സംഭാവന തന്നെയായിരുന്നു. അവളുടെ അമ്മാവനും, അമ്മായിയും ആലോചിച്ചു് അവൾക്കൊരു ഭർത്താവിനെ കണ്ടെത്തി. ഒരു ഓഫീസ് ക്ലാർക്കായ സുകുമാരൻ നായരെയായിരുന്നു അവർ മരുമകളുടെ ഭർത്താവായി സ്വീകരിച്ചതു്. സുമതിയുടെ അച്ഛനമ്മമാരുടെ അനുമതിയോടുകൂടി വിവാഹവും നടന്നു. ഇതിനിടയിൽ കൂട്ടുകാരിയായ ലീലയുടെയും വിവാഹം അത്യാഡംബരത്തോടെ കഴിഞ്ഞു.

സുമതിയും ഭർത്താവും ഒരു വാടകവീട്ടിൽ വേറെ താമസമാക്കി. സുമതിയുടെ ഭർത്താവിനു് ശമ്പളം അമ്പതു് ഉറുപ്പിക മാത്രമായിരുന്നു. വീട്ടുവാടകതന്നെ പതി

നഞ്ചുറുപ്പിക കൊടുക്കണം. ബാക്കി ഭക്ഷണസാധനങ്ങൾ വാങ്ങിയ്ക്കാൻ അവൾക്ക് തികയുകയുമില്ല. സുമതി വിചാരിച്ചിരുന്നത് വിവാഹം കഴിഞ്ഞാൽ തൻെറ ദാരിദ്ര്യത്തിൽ നിന്നും മോചനം നേടാമായിരുന്നുവെന്നാണ്. പക്ഷെ ഇപ്പോൾ ദാരിദ്ര്യത്തിനുമേൽ ദാരിദ്ര്യമാണ്. ഭർത്താവിൻെറ തുച്ഛശമ്പളം കൊണ്ട് അവളാഗ്രഹിച്ചതുപോലെ അവൾക്ക്, അവളുടെ സൗന്ദര്യം ഒന്നുകൂടി മോടികൂട്ടുവാനോ, നല്ലനല്ല സാധനങ്ങൾ വാങ്ങി ഭക്ഷിക്കുവാനൊ സാധിച്ചില്ല. അതിനാൽ അവൾക്ക് സ്വഭർത്താവിൽ കുറെശ്ശെ വെറുപ്പും, ദേഷ്യവും തോന്നിത്തുടങ്ങി. സുകുമാരൻ ഭാര്യയുടെ ഈ പെരുമാററങ്ങൾ ശ്രദ്ധിക്കാതിരുന്നില്ല. പക്ഷെ അദ്ദേഹം അതിനുവില കല്പിച്ചില്ല. അദ്ദേഹം കുറച്ചുകാലമായി തനിയ്ക്കൊരു വാച്ചു വാങ്ങാനാഗ്രഹിക്കുന്നു. സുമതി അറിയാതെ വാങ്ങിയ്ക്കുവാനാണ് അദ്ദേഹം വിചാരിച്ചിരുന്നത്. ഇതുവരെ മാസശമ്പളത്തിൽനിന്നും വാച്ചു വാങ്ങാൻ അദ്ദേഹത്തിനു ശേഖരിയ്ക്കാൻ കഴിഞ്ഞത് പത്തുറുപ്പിക മാത്രമാണ്.

ദിവസങ്ങൾ ഓരോന്നായി പൊഴിഞ്ഞുവീണു. സുകുമാരൻ സുമതി അറിയാതെ ഏകദേശം നാല്പത് ഉറുപ്പിക സമ്പാദിച്ചു. അദ്ദേഹം സുമതിയെ അറിയിയ്ക്കാതെ ഒരു താണ വാച്ചു വാങ്ങി. പെട്ടെന്നാണ് ആ സംഭവംസംജാതമായത്. അന്ന് ഞായറാഴ്ചയായിരുന്നു. ഓഫീസില്ലാതെ സുകുമാരൻ തൻെറ റൂമിൽ ഇരിയ്ക്കുകയായിരുന്നു. സുമതി ഷട്ട്അലക്കാനായി അദ്ദേഹത്തിൻെറ റൂമിൽ നിന്നും എടുത്തുകൊണ്ടു പോയി ഷട്ടിൽ സോപ്പിടുമ്പോൾ പോക്കററിൽ നിന്നും എന്തോ ഒന്ന് തിളങ്ങുന്നു. അവൾ അതെടുത്തു നോക്കി ഒരു വാച്ച്! അവൾക്ക് കോപവും വെറുപ്പും മാറി,മാറി അയാളോട് തോന്നി. അവൾ വാച്ചുമായി സുകുമാരൻെറ റൂമിലേയ്ക്കോടി. ആരുടെയാ ഈ വാച്ച്! അവൾ അലറി. അപ്പോഴാണ് സുകുമാരന് മനസ്സിലായത് വാച്ച് ഇന്നലെ പോക്കററിലാണ് വെച്ചിരുന്നതെന്ന്. അയാൾ നിശ്ശബ്ദനും, ശാന്തനുമായി അവളുടെ മുമ്പിൽ നിന്നും പെയ്യുന്നുള്ള കുറെയങ്ങുനാവടിച്ചു കഴിഞ്ഞാൽ സ്വയം നിറുത്തി പോയ്ക്കോളും. കോപകലുഷിതയായി സുമതി റൂമിൽ നിന്നും തിരിച്ചുപോയി.

ഒരാഴ്ച കഴിഞ്ഞു സുമതിയുടെ പിണക്കം മാറിയില്ല. സുകുമാരൻ, ഭാര്യയുടെ പിണക്കം മാററാനുള്ള വഴികൾ ആലോചിച്ചു തുടങ്ങി. അപ്പോഴാണ് നാട്ടിലെ മഹിളാസമാജത്തിൻെറ ഉൽഘാടന മഹോത്സവം നടക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കിയത്. അവിടെ പ്രധാന വ്യക്തികളെയല്ലാതെ ആരെയും ഉൽഘാടനത്തിന് ക്ഷണിച്ചിരുന്നില്ല. എന്നാൽ വളരെ പണിപ്പെട്ട് സുകുമാരൻ ഒരു ക്ഷണക്കത്ത് കരസ്ഥമാക്കി. അദ്ദേഹം സുമതിയെയും കൊണ്ട് മഹിളാസമാജത്തിന്ന് പോകാൻ തീരുമാനിച്ചു. അങ്ങിനെ ഭാര്യയുടെ പിണക്കത്തിന്ന് അദ്ദേഹം വഴിയുണ്ടാക്കി.

ഉൽഘാടനദിവസം വന്നുചേന്നു. സുമതിയ്ക്ക മഹിളാസമാജത്തിന് പോകാൻ ആഭരണങ്ങളില്ലായിരുന്നു. നല്ല വസ്ത്രങ്ങളുമില്ലായിരുന്നു. അവൾ സുകുമാരനോട് ആവലാതിപ്പെട്ടു. അദ്ദേഹം തൻെറ വാച്ചു വിററ് അവൾക്ക് നല്ല ഒരു സാരിയും, ബ്ലൗസും വാങ്ങിച്ചു കൊടുത്തു. ആഭരണത്തിനായി അവളുടെ കൂട്ടുകാരി ലീലയെ സമീപിയ്ക്കാനും പറഞ്ഞ് ആ സ്നേഹശീലനായ ഭർത്താവ്, ഭാര്യയുടെ ഇഷ്ടപ്രകാരം എല്ലാം ചെയ്തുകൊടുത്തു. സുമതി പിറെറ

ദിവസം രാവിലെ തന്റെ പഴയ തോഴി ലീലയെ സമീപിച്ചു. സുഖസമൃദ്ധമായ ജീവിതം നയിക്കുന്ന ലീല യാതൊരു വൈമനസ്യവും കൂടാതെ സുമതിയ്ക്ക് ഇഷ്ടമുള്ള ആഭരണം എടുക്കുവാൻ പറഞ്ഞു. ഒരു നീല വെൽവററു കൊണ്ടുണ്ടാക്കിയ പെട്ടിയിൽ പച്ചക്കല്ലു ലോക്കററു വെച്ച ഒരു മുത്തുമാലയാണ് സുമതി തിരഞ്ഞെടുത്തത്. അത് കഴുത്തിലണിഞ്ഞ് സുമതി കണ്ണാടിയുടെ മുമ്പിൽ ചെന്നു നിന്നു. ഹാ! എന്തൊരഴക്? അവൾ ചിരിച്ചു. സുന്ദരമായ അവളുടെ തുടുത്ത കവിളുകളിൽ രണ്ടുനുണക്കുഴികൾ വെള്ളാമ്പലുകളെപ്പോലെ കാണപ്പെട്ടു. വിടൎന്ന ചുണ്ടുകളിൽ മുല്ലമൊട്ടുകൾ എത്തിനോക്കി. അവളപ്പോൾ ഒരു മാലാഖ തന്നെയായിരുന്നു. മാലയും കഴുത്തിലണിഞ്ഞ് ലീലയോട് യാത്രയും പറഞ്ഞ് സുമതി പുറത്തിറങ്ങി.

വീട്ടിൽ ചെന്ന് ഡ്രസ്സുമാറി വീണ്ടും അവൾ കണ്ണാടിയുടെ മുമ്പിൽ ചെന്നു നിന്നു. ഹാ! എന്തൊരു ചന്തം! അവൾ കുഴഞ്ഞു കൊണ്ട് ഭൎത്താവിന്റെടുത്തു ചെന്നു നില്പായി. സുമതിയുടെ കവിളിൽ ഒരു നുള്ളു കൊടുത്ത് രണ്ടുപേരും യാത്ര തിരിച്ചു. രണ്ടുപേരും ഹാളിന്റെ രണ്ടാമത്തെ നിരയിൽ സീററുറപ്പിച്ചു. സുമതിയോളം ഭംഗിയുള്ള സ്ത്രീകൾ അക്കൂട്ടത്തിലില്ലെന്നു സുമതിയ്ക്കൊരു തോന്നൽ. എല്ലായുവാക്കളുടെ കണ്ണുകളും അവളുടെ ദേഹത്തിൽ പാറി നടക്കുന്നതു പോലെ അവൾക്കു തോന്നി. അവളുടെ ശ്രദ്ധ പ്രസംഗങ്ങളിൽ ഒന്നും അല്ലായിരുന്നു സ്വസൗന്ദര്യത്തിന്റെ നിവൃതി പൂണ്ട് അവൾ എല്ലാം മറന്നു. പ്രസംഗങ്ങളും, ഘോഷങ്ങളുമെല്ലാം കഴിഞ്ഞു. സുകുമാരനും, സുമതിയും വീട്ടിലേക്കു തിരിച്ചു. സമയം പത്തു മണിയോടടുത്തു. സുകുമാരനും സുമതിയും ഉറങ്ങാൻ പോയി. മാല അഴിച്ചുവെക്കാൻ നോക്കിയപ്പോൾ മാല കാണാനില്ല. അയ്യോ! അവൾ പ്രജ്ഞയററു വീണുപോയി. സുകുമാരൻ അവളെ താങ്ങി. അദ്ദേഹം സ്തബ്ധനായി നിന്നു പോയി. ഇനി എന്തു ചെയ്യും? അവൾ കരഞ്ഞു കരഞ്ഞു തളൎന്നു. അദ്ദേഹം പറഞ്ഞു എന്റെ അമ്മയുടെ വക കുറച്ചു സ്വത്തുണ്ട് അവ വിററ് വാങ്ങിക്കൊടുക്കാം. അവൾക്കു സമാധാനം വന്നില്ല. അദ്ദേഹം അവളെ ഒരുവിധം സമാധാനിപ്പിച്ചു.

ദിവസങ്ങൾ വളരെ വേഗം നീങ്ങിക്കൊണ്ടിരുന്നു. സുകുമാരൻ പല ആഭരണപ്പീടികയിലും അതു പോലെയുള്ള മാല അന്വേഷിച്ചു നോക്കി. എവിടെയും കണ്ടില്ല. സുമതി വീട്ടിന്നു പുറത്തിറങ്ങിയില്ല. അവസാനം അയ്യപ്പൻ ചെട്ടിയാരുടെ ആഭരണപ്പീടികയിൽ അതുപോലെയുള്ള ഒരു മാല സുകുമാരൻ കണ്ടെത്തി. ചെന്നു വില ചോദിച്ചപ്പോൾ 1500കയാകുമെന്ന് ആ പീടികക്കാരൻ മറുപടി പറഞ്ഞു. വീട് വിററു കിട്ടിയതു തന്നെ 500കയുള്ളു. ഇനി എന്താണൊരു വഴി? അദ്ദേഹം വീട്ടിലുള്ളതെല്ലാം വിററും, പട്ടിണി കിടന്നും ഒരുവിധം ആ മാലയ്ക്കു വേണ്ട പണം സമ്പാദിച്ചു. സുമതിയുടെ സൗന്ദര്യം ദാരിദ്ര്യദേവത കവൎന്നു കൊണ്ടു പോയി. അവൾ എല്ലും തൊലിയും തൂങ്ങിയ ഒരു വികൃതരൂപമായി മാറി. അവസാനം ഒരു തിങ്കളാഴ്ച സുകുമാരൻ ബാങ്കിൽ നിന്നും കടമെടുത്തും, കയ്യിലുണ്ടായിരുന്ന പണം കൊണ്ടും കൂടി ആ മാല വാങ്ങി സുമതിയ്ക്കു കൊടുത്തു. സുമതിയ്ക്ക് നടക്കാൻപോലും സാദ്ധ്യമല്ല. എങ്കിലും ഒരുവിധം അവൾ ആ മാലയുമായി ലീലയെ സമീപിച്ചു. ലീല സുമതിയെ കണ്ടിട്ട് അറിഞ്ഞില്ല, കാരണം

അവൾ അത്രയ്ക്കു മാത്രം വിരൂപിയായി മാറിയിരുന്നു. സുമതി കരഞ്ഞുകൊണ്ട് അവളോട് മാല മടക്കിത്തരാൻ വൈകിയതിൽ മാപ്പുതരാൻ അപേക്ഷിച്ചു. അപ്പോൾ മാത്രമേ സുമതിയാണ് ആ സ്ത്രീയെന്നും, അവൾ മാല കടം വാങ്ങിയിട്ടുണ്ടെന്നും അവൾക്കോർമ്മവന്നുള്ളു. ലീല ചോദിച്ചു ''സുമതീ നീ എന്താണ് ഇങ്ങിനെയായിപ്പോയത് മാല മടക്കിത്തരാൻ വൈകിയതിൽ നീ പേടിക്കണ്ട. അതൊരു ഇമിറേഷൻ മുത്തുമാലയല്ലേ''. അപ്പോഴാണ് സുമതി അതൊരു മുക്കുമാലയാണെന്ന് അറിയുന്നത്. അവൾ ലീലയുടെ വാക്കു കേട്ടപ്പോൾ അബോധയായി നിലത്തു വീണു. ലീലയുടെ ശുശ്രൂഷകൊണ്ട് അവൾ എഴുന്നേററു. നടന്ന സംഭവം മുഴുവനും അവൾ ലീലയോടു പറഞ്ഞു. ആ മുത്തുമാലക്ക് 1500ക പോയിട്ട് 50ക പോലും വിലയുണ്ടായിരുന്നില്ല!

ചെറുകഥ

# “ വാശി........ ”


എൻ. മുഹമ്മദ്, ബി. കോം. III

ഒരു മൂലയിൽ കുനിപ്പിടിച്ചിരിക്കുകയായിരുന്നു; ആരുടെ മുഖത്തും നോക്കാതെ. പുറത്തേക്കു് നോക്കിയപ്പോഴാണു് മനസ്സിലായതു്; വണ്ടി ഓടുകയാണു്, വളരെ വേഗത്തിൽ. എഞ്ചിൻ ഉച്ചത്തിൽ ശബ്ദിക്കുന്നുണ്ടു്. തന്റെ നെഞ്ചിടിപ്പിന്നോ ഈ എഞ്ചിന്നോ കൂടുതൽ ഒച്ച?

എങ്ങോട്ടാണീ വണ്ടി പോകുന്നതു്, തെക്കോട്ടോ, വടക്കോട്ടോ? സംശയങ്ങൾ നാമ്പെടുക്കുകയായിരുന്നു. ഒന്നിച്ചു് യാത്ര ചെയ്യുന്ന ആരോടെങ്കിലും ചോദിച്ചാലോ ............ഓ.............അല്ലെങ്കിലതറിഞ്ഞിട്ടെന്തുവേണം...........തെക്കോട്ടായാലും വടക്കോട്ടായാലും തനിക്കൊന്നുപോലെയാണു്.......എങ്ങോട്ടെങ്കിലും പോകണം........ ദൂരെ.......വളരെ ദൂരെ.......ആത്മാവിന്റെ അഗാധതയിൽ അദമ്യമായ ആവേശമായിരുന്നു.

വണ്ടിയുടെ ജനലിൽക്കൂടി പുറത്തേക്കു നോക്കിയിരുന്നു. എത്രനേരമങ്ങിനെയിരുന്നു എന്നോർമ്മയില്ല. മരങ്ങളും വീടുകളും ഓടിയകലുകയാണു്, തന്നിൽ നിന്നാണോ.......? തണുത്തകാററു് മുഖത്തടിച്ചപ്പോൾ തെല്ലുന്മേഷം തോന്നി.

ദൃഷ്ടിയിൽനിന്നു് ഓരോന്നായി ക്രമേണ അപ്രത്യക്ഷമാവുകയായിരുന്നു.......... യാത്രക്കാരെല്ലാം പോയി............വണ്ടി പോയി.......ഓടിയകലുന്ന വീടുകളും മരങ്ങളും പോയി........അവസാനം...........?



അവസാനം ശൂന്യത മാത്രം...........ശൂന്യതയിൽ രണ്ടു കണ്ണുകൾ..........കരഞ്ഞുകലങ്ങിയ രണ്ടു വിശാലമായ കണ്ണുകൾ........ കണ്ണുകൾ വലുതാവുകയാണു്, ആകാശം മുട്ടെ. കണ്ണിൽ അതാ കുറെ മനുഷ്യർ ...... അതെ ആരാണവർ? വ്യക്തമാകുന്നില്ല. എല്ലാവരും തന്നെ തുറിച്ചുനോക്കുന്നുണ്ടല്ലൊ.......അതാ ഒരു കെട്ടിടം.........വലിയ ടവറും ടവർക്ലോക്കുമുള്ള ആ കെട്ടിടമേതാണു്. ഓ.......മെഡിക്കൽ കോളേജു്........

എന്താണ്' മുഖത്തൊരു നനവ്'?........തൊട്ടുനോക്കി.......കണ്ണുനീര്'.......താൻ കരയുകയായിരുന്നോ.......?

കണ്ണിൽ ശിഥിലചിത്രങ്ങരം മാറിമാറി നിഴലിക്കുകയാണ്'. ജീവിതത്തിലെ കഴിഞ്ഞുപോയ ചില ചിത്രങ്ങരം.......

......................................................................

......................................................................

ഒരു പ്രത്യേകോദ്ദേശത്തോടെയൊന്നുമല്ല കോളേജിൽച്ചേർന്നത്'. തന്റെ ഒന്നിച്ചുപാസ്സായവരിലധികപേരും കോളേജിൽ ച്ചേരുന്നു. അതു' കണ്ടപ്പോരം നേരിയൊരാശ .... താനും ചേർന്നാലോ ? ആശ ആവേശമാവാൻ സമയമധികം വേണ്ടിവന്നില്ല. മുകുന്ദനും കൂടിച്ചേരുന്നു എന്ന്' കേട്ടപ്പോരം വാശിയായി. ''വാശിയാൽ നാശം'' എന്നത്' തല്ക്കാലം ഓർത്തില്ല, ഓക്കാൻ സമയവുമുണ്ടായിരുന്നില്ല. മുകുന്ദൻ ചാത്തന്റെ മകനാണ്', ചാത്തൻ ഞങ്ങളുടെ മൂരിക്കാരനും. ''കന്നുപൂട്ടുകാരന്റെ മകനാവാമെങ്കിലെന്തുകൊണ്ടെനിക്ക്' പാടില്ല'' എന്നാണ്' തോന്നിയത്', തോന്നലിന്ന്' ന്യായമില്ലല്ലോ.

ബാപ്പ വന്നപ്പോരം പറഞ്ഞു :

''എനിക്ക്' കോളേജിൽച്ചേരണം.''

''ഏം ....''ബാപ്പ രസിക്കാത്ത മട്ടിൽ ഒന്നു മൂളുകമാത്രം ചെയ്തു.

'ഇവിടെന്നെല്ലാരും പോണ്'ണ്ട്', കോളേജിൽ'' ഞാൻ വിശദീകരിച്ചു.

''അയിന്' അനക്കെന്തൊടാ, ചേർന്നോട്ടെ, അന്റെ ബാപ്പയും ഉപ്പാപ്പയും കോളേജിൽപ്പടിച്ചിററാ .... ? '' ബാപ്പയുടെ വിശദീകരണമാണ്'.

തുടച്ചയായി മൂന്നു ദിവസം പട്ടിണി കിടന്നതിന്ന്' ശേഷമാണ്' മനമില്ലാമനസ്സോടെ ബാപ്പ അനുവാദംതന്നത്'.

കോളേജ്' ഒരു പുതിയ ലോകമായിരുന്നു. എന്തിന്ന്' വന്നതാണെന്ന്' മറന്നപോലെയായിരുന്നു അന്നത്തെ ജീവിതം. 'ജോളി'യെക്കാരം മോശമാണ്' പഠിക്കൽ എന്നായിരുന്നു ധാരണ.

ഭാഗ്യത്തിന്നാണ്' പാസ്സായത്'. മുകുന്ദന്ന്' ഒന്നാംക്ലാസ്സുണ്ട്' എന്നറിഞ്ഞപ്പോരം മാത്രം തന്റെ മൂന്നാം ക്ലാസ്സിനോട്' അല്പം വെറുപ്പ്' തോന്നി.

പാസായവർക്കെല്ലാം പോകേണ്ടത്' ''മെഡിസിന്നാ''ണ്'. എന്താണിതിന്നിത്ര പ്രത്യേകത? പലരോടും ചോദിച്ചു. ആരോ ഒരാരം പറഞ്ഞു : ''അതിന്ന്' ഭയങ്കര സ്കോപ്പാണ്''

''ഇതല്ലാത്ത മററു യാതൊന്നിന്നും സ്കോപ്പില്ലെ ? '' എന്ന്' അന്ന്' ചോദിച്ചില്ല. ''ഭയങ്കര സ്കോപ്പുള്ള 'മെഡിസിൻ' എനിക്ക്' പററില്ലെ? എന്നാണ്' ചോദിച്ചത്'. ചോദ്യം വാശിയാവാൻ സമയമധികമെടുത്തില്ല. ''വാശിയാൽ നാശം'' എന്ന ആപ്തവാക്യം വീണ്ടുമോർത്തില്ല. മനഃപൂർവ്വമാണോ ? ... ഓക്കുന്നില്ല.

ഒരേടാക്കൂടം : മൂന്നാം ക്ലാസ്സുകാരന്ന്' മെഡിക്കൽക്കോളേജിൽ സീററില്ല. തികച്ചും ഒരാഘാതമായിരുന്നു ഈ വിവരം. സർവ്വ ഞാഡിഞരമ്പുകളും തളർന്നുപോയി. ആശകരം മണ്ണടിയുകയാണ്'.

അപ്പോഴാണ്' ആരോ ഒരാരം വളരെ സ്വകാര്യമായി ഒരു രഹസ്യം പറഞ്ഞുതന്നത്' : ''പണം കൊടുത്താൽ സ്വകാര്യക്കോളേജിൽ സീററുകിട്ടു''മെന്ന്'.

''കിട്ടുമോ ?'' വളരെ അത്ഭുതത്തോടെ രഹസ്യമായിത്തന്നെ അങ്ങോട്ടു ചോദിച്ചു.

''ഉം'' കനത്ത മറുപടി.

''എത്ര കൊടുക്കണം?'' ശ്വാസമടക്കിപ്പിടിച്ച്' മറുപടിക്ക്' കാത്തിരുന്നു.

അയാൾ കയ്യിലെ പത്തു വിരലുകളും ഉയർത്തിപ്പൊക്കിക്കാണിച്ചുതന്നു.

മനസ്സിൽ ഇടിവാൾ മിന്നി.

മകൻ ഡോക്ടറാകുന്ന സംഗതിയായിരുന്നതിനാൽ ബാപ്പയുടെ ഒരു അദ്ധസമ്മതം ആദ്യംതന്നെ കിട്ടിയിരുന്നു.

ആ ധൈര്യം മനസ്സിൽവെച്ച് ഈ പുതിയ അറിവ് ബാപ്പയോട് പറഞ്ഞു. മൂപ്പരും ഒന്നു ഞെട്ടി. പതിനായിരം ഞങ്ങളുടെ കുടുംബത്തിന്ന് ക്ഷിപ്രസാധ്യമായിരുന്നില്ല.

''പയിസ കൊടുക്കാണ്ട് അനക്കിപ്പണ്ടാരം കിട്ടൂലെ? '' ബാപ്പ ചോദിച്ചു.

''വെഷമമാണ്, ധാരാളം മാർക്കുള്ളവർ ഇവിടന്ന് തന്നെണ്ട്.''

'' ആരൊക്കാടാ അത് ? ''

നമ്മുടെ മുകുന്ദന്ന് ഒന്നാം ക്ലാസ്സുണ്ട്, പിന്നെ.......

'' ഏത്താ ഈ മുകന്തൻ ? ''

'' നമ്മടെ ചാത്തൻെറ മോൻ ''

'' ഏത് ചാത്തൻ, നമ്മടെ ചാത്തനോ ? ''

'' ആ ''

"ഏ !! '' മൂരിക്കാരൻെറ മോനാ ഡാക്ക്ട്ടറാകാൻ പോകുന്നതു് ? ഓനിശ്ശെവടന്നാടാ പണം? വെറുപ്പോ, അവജ്ഞയോ ഏതാണാസ്വരത്തിൽ മുഴച്ചുനിന്നതെന്ന് മനസ്സിലായില്ല.

'' ഹരിജനോദ്ധാരണക്കമ്മിററിയിൽ നിന്ന് അവന്ന് വേണ്ട എല്ലാചിലവും കിട്ടും. ഇതുവരെ പഠിപ്പിച്ചതും അവരാണല്ലോ. '' ഞാൻ വിശദീകരിച്ചു.

''ആങ്ഹാ.......അങ്ങനേയും ഉണ്ടോ ഒരു പണ്ടാരം.'' എഴുന്നേററു് ഒന്നു തുപ്പി. കോലായിൽകൂടി അങ്ങട്ടമിങ്ങട്ടം കുറെ നടന്നു. എന്നിട്ട വന്ന് കസാലയിൽത്തന്നെയിരുന്നു. ബാപ്പ ചിന്തിക്കുന്നു എന്നതിൻെറ ലക്ഷണമാണിതൊക്കെ.

'' ചാത്തൻെറ മോന് ഡാക്ക്ട്ടറാവാങ്കി ചാലപ്പറമ്പത്തെ മൊയ്തീനാജീൻെറ മോനിശ്ശ് പററൂലെ........? '' ബാപ്പ ചോദിച്ചു.

''ബാശിക്ക് ബാശി. അന്നെ ഡാക്കിട്ടറാക്കീട്ടേ ഞമ്മക്ക് ബേറെ ബയ്യുള്ളൂ.'' വാശി എൻെറ കുത്തകയൊന്നുമല്ലല്ലോ. ബാപ്പയും അക്കാര്യത്തിൽ ആരുടെയും പിന്നിലായിരുന്നില്ല.

ആകെയുള്ള ഒരു പ്രചോദനം അല്പം തെങ്ങുകളാണ്. അതും വെറും പ്രലോഭനമായിരുന്നെന്ന് പിന്നീടാണ് മനസ്സിലായത്.

വൈകുന്നേരം ബാപ്പ വീട്ടിൽനിന്നിറങ്ങിപോകുമ്പോൾ ചില കടലാസ്സുകൾ മടക്കിക്കീശത്ത് വെച്ചിരുന്നു.

''യ്യ് ബേജാറാവണ്ട, ഞമ്മളാ ഹസ്സനാജീൻറവ്ടത്തററം ഒന്ന് പോയിബരട്ടെ'' ബാപ്പ ഇറങ്ങിനടന്നു.

ഹസ്സനാജി വിചാരിച്ചാൽ പതിനായിരമല്ല ഒരു ലക്ഷംതന്നെ നിസ്സാരമാണ്. നാട്ടിലെ ഏററവും വലിയ പണക്കാരനാണയാൾ. പക്ഷെ പണമുണ്ടായാൽ മനുഷ്യൻ നന്നാവണമെന്നില്ല എന്നതിന്ന് ഒരുദാഹരണമാണയാൾ. ''മുറിഞ്ഞകൈക്കുപ്പുതേക്കാത്തവൻ'' എന്ന് നാട്ടുകാർ പറയുന്ന ഹസ്സനാജി ഒരു മൂശാൻതന്നെയാണ്.

രാത്രിയാണ് ബാപ്പ മടങ്ങിവന്നത്. ആ മുഖത്തെ വികാരത്തിൽ നിന്ന് കാര്യം ഗ്രഹിക്കാൻ ശ്രമിച്ചു. ഒരു നിസ്സംഗതയായിരുന്നു അവിടെ. മൂകനായിക്കയറിവ

ന്ന അദ്ദേഹം ചാരുകസേരയിൽക്കയറിക്കിടന്നു; ശാന്തനായി. ഉദ്വേഗത്തോടെ ഞാൻ മുന്നിൽച്ചെന്നുനിന്നു .... നിശ്ശബ്ദത .......

ഏറെനേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. ക്ഷമ കിട്ടാതെ ഞാൻതന്നെ കയറിച്ചോതിച്ചു എന്തായി? ''ഓനിപ്പം പറമ്പൊന്നും മേണ്ടോലെ? സ്വത്തെടക്കെലൊക്കെ നിത്തീന്നാ പറഞ്ഞത് ....'' ബാപ്പ പറഞ്ഞു ഞാൻ മിണ്ടിയില്ല. ഒരു മരവിപ്പായിരുന്നു ; സംപ്പ്രാംഗം മരവിപ്പ്.

അല്പനേരം അലോചിച്ച് ബാപ്പ പറഞ്ഞു. ''അസ്സനാജി ബേറൊരു ബയ്യ് പറയണ്, അനക്ക് പുടിക്യോന്ന് അറഞ്ഞൂട ....'' ആശയോടെ ഞാൻ ബാപ്പയെ നോക്കി.

''.... അതായത് ഇപ്പതിനായിരവും പിന്നെ പടിക്കാനുള്ള എല്ലാ ചെലവും മൂപ്പര് തരാന്ന് ....''

അത്ഭുതത്തോടെ ഞാൻ ബാപ്പയെ നോക്കി .... ഹസ്സനാജി ഒരുദാരത കാണിക്കുമെന്ന് സ്വപ്നത്തിൽക്കൂടി എനിക്ക് നിരൂപിക്കാൻ സാധ്യമായിരുന്നില്ല.

''പലിശക്കാണോ .... ? ഞാൻ ചോദിച്ചു. ''അല്ല .... ബേറൊരു ഖണ്ടീസൻ .... അതായത് അനക്ക് ഡോക്കിട്ടര് ഭാഗത്തിന് കിട്ട്യാല്, ഒൻെറ മോളെ ഇയ്യ് നിക്കാഹ് കയിച്ചാല് അനക്ക് ബേണ്ട പണം ഓൻ തരാന്ന്.''

ഞാൻ ആകെ സ്തംഭിച്ചുപോയി. കണ്ണിൽക്കറുത്തവാവ്, ചെവിയിൽ ഇടിവെട്ട് മനസ്സിൽ കൊള്ളിയാൻ .... തലച്ചോറിൽ ശൂന്യത ഒന്നും തിരിയാതെ ഞാൻ നിന്നു.

''എന്നെ പണയം വെച്ചിട്ട്. അല്ലെ ?" ഞാൻ ചോദിച്ചു. വിദ്വേഷം നിറഞ്ഞു കൂടുകയായിരുന്നു, മനസ്സിൽ.

''ഇത് വേണ്ട.'' ഞാൻ കിതച്ചുകൊണ്ടു പറഞ്ഞു. ''ഏ .... ? ''ബാപ്പ കസാലയിൽനിന്ന് എഴുന്നേററ് കൊണ്ട് ചോദിച്ചു ''അല്ലാണ്ട് അനയ്ക്കിപ്പേട്ന്നാ ഇത്രപ്പോരം പണം ?''

ഇങ്ങനെ മാത്രമെ പണത്തിന്ന് വഴിയുള്ള എങ്കിൽ ഞാൻ പഠിക്കുന്നില്ല.''

''അത് ഇയ്യ്മാത്രങ്ങനെ ബിജാരിച്ചാൽ പ്പോരാലോ ... ഞമ്മക്കും തോന്നണ്ടെ .... ഏത് .... ?'' ബാപ്പയുടെ സ്വരം മാറിയിരുന്നു.

''ഞമ്മളൊന്ന് ബിജാരിച്ചാ അത് ബിജാരിച്ചതാ. ആനകുത്ത്യാ എളക്കൂലാ .... അത് അനിക്ക്ത്‌വരെ ആയിററ് മനസ്സിലായിററില്ലെ".

......................

''അല്ലെങ്കി ഓനിക്കെന്തൊ ദോശം ഇന്നാട്ടിലെ ബെല്യ പണക്കാരൻ, തറവാട്ടുകാരൻ. പെണ്ണും ബെല്യ മോശോന്നുംല്ലാവൂല .... ഇതൊരു പാക്യാന്ന് ബിജാരിച്ചോ, ഒരു കണക്കിന്.''

''ഞാൻ പഠിച്ചുകഴിഞ്ഞിട്ടെ കല്യാണം കഴിക്കുന്നുള്ളൂ.'' ഞാൻ പറഞ്ഞു.

''എന്നാ, ഇപ്പത്തന്നെ കല്യാണം കഴിക്കാനാവും. പച്ചെ വേറൊരുകാര്യം അപ്പം അസ്സനാജീൻെറ മോളെക്കിട്ടൂല." ഒരു തമാശ പറഞ്ഞപോലെ ബാപ്പ ഉറക്കെ ച്ചിരിച്ചു.

''പടിക്കണേങ്കി, ബേം കല്യാണം നടത്ത് അതന്നെ ബേണം........അല്ലാണ്ട് ഇനിയ്ക്ക് സാദിക്കൂല ഇത്രപ്പെരുത്ത് പണം"

ആ രംഗം അങ്ങനെ കലാശിച്ചു.

ആവേശം കുറെത്തണുത്തപ്പോഴാണ് വിധിക്ക് കീഴടങ്ങലെ കരണീയമായിട്ടുള്ളൂ എന്നു് തോന്നി. ഡോക്ടറാവാൻ അത്രമേൽ എൻെറ ആവശ്യമായിരുന്നു. വാശി

തലപൊക്കിയപ്പോൾ ആദർശങ്ങൾ പാഞ്ഞൊളിച്ചു.

പിന്നെതെല്ലാം പെട്ടെന്നാണ് കഴിഞ്ഞതു്. കല്യാണം കഴിഞ്ഞു. പതിനായിരം കൊടുത്തു് സീററും കിട്ടി. കോളേജിൽചേൎന്നു പഠിപ്പും തുടങ്ങി; ശ്വശുരന്റെ ചിലവിൽ പഠിപ്പ്.

ആദ്യമെല്ലാം പണം തന്നാൽ വാങ്ങാൻ മടിയായിരുന്നു. എന്നാൽ കുറെ കഴിഞ്ഞപ്പോൾ ചോദിച്ചുവാങ്ങാൻ തുടങ്ങി. സാഹചര്യവും പരിചയവും അതിലെ അസാധാരണത്വം നശിപ്പിച്ചു കഴിഞ്ഞിരുന്നു.

ഞാൻ കോളേജിൽച്ചേൎന്നു അല്പം ദിവസം കഴിഞ്ഞശേഷമാണു് അറിഞ്ഞതു്; മുകന്ദൻ ചേൎന്നിട്ടില്ല. അവനു് സിലക്ഷൻ കിട്ടിയതാണു്. എന്നിട്ടും..........? കാരണവും പിന്നീടറയാൻ കഴിഞ്ഞു. ചേരുന്ന അവസരത്തിൽ പ്രാഥമികമായ ചിലവുകൾക്കു് നാന്നൂറു് ഉറുപ്പിക വേണം. ഹരിജൻ വെൽഫേർഫണ്ടിൽനിന്നു പിന്നീടെ അതു് കിട്ടുകയുള്ളു. അതിന്നുവേണ്ടി അവൻ ബാപ്പുവുടെ അടുത്തും ഹസ്സനാജിയുടെ അടുത്തും നാട്ടിലെ മററുപലയാളുകളുടെ അടുത്തും ചെന്നു നോക്കിയത്രെ: പിന്നീടു് മടക്കിക്കൊടുക്കാമെന്ന കരാറിൽ ആരും കൊടുത്തില്ല. ഹസ്സനാജി ആട്ടിയിറക്കിയെന്നാണു് കേട്ടതു്.

ഈ വാൎത്തകേട്ടപ്പോൾ എന്തു് വികാരമാണു് തോന്നിയതെന്നോൎമ്മയില്ല. സന്തോഷമായിരുന്നോ? വ്യസനമായിരുന്നോ?

ഒരു സ്ത്രീ വിദ്വേഷി ആയിരുന്നില്ലെങ്കിലും നേരത്തെ കല്യാണം കഴിക്കുന്നതിനോടു് എനിക്കു് വ്യക്തമായ എതിരഭിപ്രായമുണ്ടായിരുന്നു. ഈ അഭിപ്രായത്തിന്റെ സ്വാധീനംകൊണ്ടാവാം ആദ്യമാദ്യം ഞാൻ സൈനബയെ വെറുക്കാൻ ശ്രമിച്ചതു്. പക്ഷെ കാലചക്രം തിരിയുവാൻ തുടങ്ങിയപ്പോൾ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ പരിവൎത്തനത്തിന്റെ കുഞ്ഞോളങ്ങൾ ഉയൎന്നുവരികയായിരുന്നു.

എനിക്കെന്നെ നിയന്ത്രിക്കാനുള്ള കഴിവിന്റെ അഭാവമാവാം, ഞങ്ങളുടെ പ്രായത്തിന്റെ പ്രത്യേകതയുമാവാം; ഞാൻ അവളിലേക്കു് സാവകാശം അലിഞ്ഞു ചേരുകയായിരുന്നു.

ഒന്നാംക്ലാസ്സായിവന്ന സഹപാഠികളോടു് മൂന്നാംക്ലാസ്സുകാരനായ ഞാൻ പഠിപ്പിന്റെ കാര്യത്തിൽ, ഒരോട്ടമത്സരംതന്നെ നടത്തേണ്ടതുണ്ടായിരുന്നു. ആ മത്സരത്തിൽ സൈനബ എന്റെ കാലുകളിൽ ഒരു മന്തു് സൃഷ്ടിച്ചു. സ്വതെ ആരോഗ്യഹീനനായ ഒരോട്ടക്കാരൻ മന്തുകാലനും കൂടിയായാൽ പിന്നെ അവന്റെ പ്രശ്നത്തെപ്പററിപ്പറയാതിരിക്കുകയല്ലെ ഭേദം.

ക്ലാസ്സിലെ ഏററവും മോശമായ വിദ്യാൎത്ഥിയായി ത്തരം താഴുകയായിരുന്നു; ഞാൻ. ക്ലാസിൽ ലക്ച്ചർ നടന്നുകൊണ്ടിരിക്കുകയായിരിക്കും. യത്നിച്ചു് ശ്രദ്ധിക്കാൻ ശ്രമിക്കും .... പക്ഷെ.... കണ്ണിൽ പൂനിലാവായിരുന്നു....... മനസ്സിൽ രണ്ടു നീലനേത്രങ്ങളും. ഹോസ്റ്റലിൽ താമസിക്കുക ദുഷ്ക്കരമായിത്തോന്നി.

കാച്ചിമുണ്ടും കുപ്പായവും തട്ടവുമായി സൈനബ അടുത്തു്വരുമ്പോഴെല്ലാം തോന്നിയതാണു് അവൾക്കിതു് പററില്ലെന്നു്.

പലപ്പോഴും അവളുടെ മേനിയെ ഒരു സാരിയുടെ ഉള്ളിൽ സങ്കല്പിക്കാൻ ശ്രമിക്കാറുണ്ടു്.

''സൈനു...'' ഒരു ദിവസം ഞാൻ വിളിച്ചു

''ഓ....''

''നിനക്ക് സാരിയാണ് ചേരുക, ഈ കാച്ചിയും തട്ടവുമൊന്നും നിനക്ക് തീരെ പററില്ല'' ഞാൻ പറഞ്ഞു.

പൊട്ടിച്ചിരിച്ചുകൊണ്ടവാം ചോദിച്ചു. ''അയിന് സാരിയെവ്വടെ?'' അവാം വീണ്ടും ചിരിച്ചു.; ആ നഗ്നയാഥാർത്ഥ്യത്തെയോർത്ത് എനിക്ക് ചിരിക്കാൻ കഴിഞ്ഞില്ല. അവളുടെ ചിരിയുടെ ഓരോ അലയും എന്നെ വല്ലാതെ വേദനിപ്പിച്ചു.

അന്നെനിക്കുറക്കം വന്നില്ല. ''അവളെ സാരിയുടുപ്പിക്കണം'' മനസ്സിൽ അദമ്യമായ ഒരാഗ്രഹമായിരുന്നു.

അതിന്ന് പണം വേണം. എവിടുന്ന് കിട്ടും പണം ....? കാശുണ്ടായിരുന്നു കയ്യിൽ, ഹോസ്റ്റലിൽ കൊടുക്കാനുള്ളതാണെന്ന് മാത്രം.

കൂടുതൽച്ചിന്തിക്കാനുള്ള സമയമുണ്ടായിരുന്നില്ല ; സന്ദർഭവും. ഒരേയൊരു ചിന്തമാത്രം, ഒരേയൊരു ലക്ഷ്യംമാത്രം ........ സാരി....അതിന്നുമുമ്പിൽ യുക്തിക്ക് വിലയുണ്ടായിരുന്നില്ല. സ്വന്തം ഭാര്യക്ക് ഒരു ചീരംത്തുണി വാങ്ങിക്കൊടുക്കാൻ കഴിയാത്ത തൻെറ നിസ്സഹായതയോർത്ത് കണ്ണിൽ നീർത്തുള്ളികാം പൊടിഞ്ഞു.

മനസ്സിൽ ഒരു സമരമായിരുന്നു വിദ്യാർത്ഥിയും ഭർത്താവും തമ്മിൽ. കടമകാം മുമ്പിൽ എഴുന്നുനിന്നു. വ്രണിതാഭിമാനനായ ഭർത്താവിന്ന് വാശികേറിയപ്പോാം ക്ഷീണിതനായ വിദ്യാർത്ഥി വഴിമാറിക്കൊടുത്തു. വിദ്യാർത്ഥി അവശനായിരുന്നു. ഭർത്താവ് ഉദ്ധതനും ; വാശിയിൽനിന്നുൽഭൂതമായ ഉദ്ധതത്വം ! പുരുഷത്വം സടകുടഞ്ഞപ്പോാം വാശി ഉത്തേജിതമായി. എടുത്തുചാട്ടം ഉപദേശിച്ചപോലെ കാര്യം കലാശിക്കുകയും ചെയ്തു. ......

ത്തുണിപ്പീടികയിൽനിന്നു മടങ്ങുമ്പോാം മനസ്സിൽ എന്തുതന്നെ വികാരമായിരുന്നാലും ചുണ്ടിൽ ഒരു പുഞ്ചിരിയായിരുന്നു. ''മനസ്സ് മന്ത്രിച്ചു വഴി മാറിക്കൊാംവിൻ അഭിമാനിയായ ഒരു ഭർത്താവിതാ വരുന്നു.''

സാരിയും ചുററി പുഞ്ചിരിച്ചുകൊണ്ട് സൈനബ നില്ക്കുന്നതു് കണ്ടപ്പോാം ; അഭിമാനം തോന്നി ; സന്തോഷവും. അവാം ചിരിച്ചു. താനും ചിരിച്ചു ; ദുരഭിമാനിയായ ഒരു ഭർത്താവിൻെറ അഹന്ത നിറഞ്ഞ ചിരി.

യാഥാർത്ഥ്യത്തിലേക്ക് കാലെടുത്ത് വെച്ചപ്പോാം ഹൃദയത്തിലിടിവാാം മിന്നി. ഫീസടക്കേണ്ട അവസാനത്തിയ്യതി പതിനഞ്ചാണ് .... ഇന്നെത്രയായി? .... ഓർമ്മിക്കാൻ ശ്രമിച്ചു .... പതിമൂന്ന് ........ ഒരു വഴിയും കാണുന്നില്ല. വില്ക്കാൻ പററിയയാതൊരു സാധനവും തൻെറ കയ്യിലുണ്ടായിരുന്നില്ല, ഒരു വാച്ചു പോലും.

ബാപ്പയോടു ചോദിക്കാം അവസാനം തീരുമാനിച്ചു തരാതിരിയ്ക്കില്ലെന്നായിരുന്നു ധാരണ.

പ്രതീക്ഷിക്കാത്ത സമയത്ത് കണ്ടതുകൊണ്ടാവാം ബാപ്പ കണ്ടപ്പോാംത്തന്നെ ചോദിച്ചു ''പിന്നെ എന്താ ....?'' അല്പം ചില നാട്ടു വർത്തമാനങ്ങാംക്ക് ശേഷം നെഞ്ചിടിപ്പോടെ ഞാൻ വിഷയത്തിലേക്ക് കടന്നു.

''എനിക്ക് കുറച്ചു പണം വേണം.''

''എത്ര വേണം?''

''നൂററപ്പിക''

നൂററുപ്പേ്യ ....? എന്തിനാണത്?

എനിക്കുത്തരമുണ്ടായിരുന്നില്ല. ഭാര്യക്ക് സാരി മേടിച്ചു കൊടുത്ത കടം തീ

ക്കാനാണെന്ന് പറയാൻ കഴിഞ്ഞില്ല. അത് പറയേണ്ടിവരുമെന്ന് വിചാരിച്ചിട്ടുമില്ലായിരുന്നു. ഞാൻ നിന്ന് പരുങ്ങി.

ആ പരുങ്ങൽ കണ്ടിട്ടാവാം ബാപ്പ പറഞ്ഞു ''എന്താ, അസ്സനാജ്ക്ക് മടുത്തോ? ഓന്മേണെങ്കിൽ ഒയിഞ്ഞോളാൻപറ ഇപ്പം അനക്ക്, ഇരുപത്തയ്യായിരോ, മുപ്പതിനായിരോ തരാനാളുണ്ട്. ഇപ്പം അടുത്ത ദെവസം തന്നെ ഒരാളിന്നോട് ബന്ന് ചോയിച്ചീനും. ഇയ്യ് കെട്ടിയ ബിവരം അയാളറിഞ്ഞിട്ടില്ലായിനും. ഇപ്പം എല്ലാരിക്കും പുയ്യാപ്പമാരായിററ് ഡാക്കിട്ടറ മതീന്നാ അതാ കാലം.''

ഞാൻ ഒന്നും മിണ്ടിയില്ല. ആകെ സ്തംഭിച്ചുപോയി. ബാപ്പയുടെ മനഃസ്ഥിതി കണ്ടപ്പോൾ അറപ്പുതോന്നി. വിവാഹം ചന്തയിൽ വെച്ചാണോ നടക്കുന്നത്....? വിലപേശലും കച്ചവടമൊഴിയലും....

ഒന്നും മിണ്ടാതെ ഇറങ്ങിനടന്നു. ബാപ്പ എന്തോ പറയുന്നുണ്ടായിരുന്നു.... ഒന്നും കേട്ടില്ല. മനസ്സിൽ കടന്നൽക്കൂടിളകിയിരുന്നു....

.............................................

ഹോസ്റ്റൽ ഡ്യൂസ്സ് ഭീമാകാരം പൂണ്ട് മുന്നിൽ നില്ക്കുകയാണ്....

എനി ഒരേ ഒരു വാതിലെയുള്ള..........
സൈനബയുടെ ബാപ്പ..........

കയറിച്ചെല്ലുമ്പോൾത്തന്നെ വെളുക്കെ ചിരിച്ചുകൊണ്ട് മൂപ്പർ വറാന്തയിൽ നില്ക്കുന്നുണ്ടായിരുന്നു.

''സൈനബാ........'' മൂപ്പർ അകത്തേക്ക് നോക്കി വിളിച്ചു. എന്നിട്ട് പറഞ്ഞു. ''പുയ്യാപ്പക്ക് ബെക്കം ചായണ്ടാക്ക്''

''....പിന്നെ ഇബ്ബെയിലത്ത്....?'' മൂപ്പർ ചോദിച്ചു.

മുഖവുരകൂടാതെതന്നെ ഞാൻ പറഞ്ഞു.

''എനിക്ക് ഒരു നൂററുപ്പികവേണം."

അല്പനിമിഷത്തേക്ക് മൂപ്പർ അനങ്ങിയില്ല. പിന്നെപ്പറഞ്ഞു: ''നൂററയിമ്പതുറുപ്യതന്നിററ് ദെവസം മൂന്നാലല്ലെ ആയുള്ളൂ പുയ്യാപ്ലെ.... ഇങ്ങനെ പയസ ചെലവാക്യാലോ? ഞാൻ നിശ:ബ്ദനായി കേട്ടു നില്ക്കുകയായിരുന്നു.

''ഇപ്പത്തെച്ചെറുപ്പക്കാക്ക് പണത്തിന്റെ ബെല അറിഞ്ഞൂട, എന്താ പയിസമരത്തിമ്മന്ന് പറക്യാ....?'' ആത്മഗതം പോലെ ഇത്രയും കൂടിപ്പറഞ്ഞ് മൂപ്പർ എന്റെ മുഖത്ത് നോക്കി. ഞാൻ വെളിക്ക് വെച്ച ഐസ്സ് കഷ്ണം പോലെ കിടന്നുരുകുകയായിരുന്നു.

കേൾക്കാൻ പാടില്ലാത്തിടത്ത് നിന്നാണിത് കേട്ടത്. അഭിമാനം തലയുയർത്തി, പക്ഷെ ഒന്നും മിണ്ടിയില്ല, മിണ്ടേണ്ടെന്ന് വിചാരിച്ചിട്ടല്ല., മിണ്ടാൻ കഴിയാഞ്ഞിട്ട്.''

അല്പസമയം കഴിഞ്ഞ് ഞാൻ ഒരു വിധം പറഞ്ഞൊപ്പിച്ചു. ''അത്ര വലിയ ആവശ്യമൊന്നുമില്ല.'' പിന്നെയവിടെ നിന്നില്ല... വേഗംതന്നെ അവിടെനിന്ന് പോന്നു. മനസ്സിൽ അഗ്നിപർവ്വതം പൊട്ടുകയായിരുന്നു. കണ്ണിൽക്കൂടി ലാവ അരിച്ചിറങ്ങി.

വെറുപ്പായിരുന്നു മനസ്സിൽ എല്ലാവരോടും എല്ലാററിനോടും വെറുപ്പ് സർവ്വവും ചുട്ടുകരിക്കാൻ ആഗ്രഹമുണ്ടായിരുന്നു. കരിച്ച് ഭസ്മമാക്കികലക്കിക്കുടിക്കാൻ.

സ്വപ്നാടനക്കാരനെപ്പോലെയാണ് ഹോസ്റ്റലിലെത്തിയത്. തികച്ചും ബോധവാനല്ലാതെ.

ഹോസ്റ്റലിൽതന്നെ കട്ടിലിൽക്കയറി ക്കിടന്നപ്പോഠം വല്ലാത്ത വ്യസനം തോന്നി, വെറുപ്പും .... താൻ അ പ മാ നി ത നാ വാൻ പോവുകയാണ് .... തൻെറ ഭാവിയിതാ .... ഇരുളടയുന്നു. സ്വപ്നങ്ങഠം കരിഞ്ഞു വീഴുകയാണ്...........................................
.........................................................................

എത്രനേരമങ്ങിനെ കിടന്നു എന്നോർമ്മയില്ല. റൂംമേററ്, രാജൻ കയറിവന്നപ്പോഴാണ് സ്വപ്നത്തിൽനിന്നുണർന്നത്. എന്തെല്ലാമോ പിറുപിറുപ്പറഞ്ഞുകൊണ്ട് അവൻ എന്തെല്ലാമോ പരതുന്നതും... പാട്ടു പാടുന്നതും താൻ അവ്യക്തമായിക്കാണുന്നുണ്ടായിരുന്നു; കണ്ണീരിൻെറ മറവിൽക്കൂടി .... അല്പം കഴിഞ്ഞപ്പോഠം അവൻ അവൻെറ പെട്ടിതുറന്ന് എന്തോ വെക്കുന്നത് കണ്ടു. അപ്പോഴാണ് നോക്കിയത്. കുറെ നോട്ടുകഠം അതത്ര ശ്രദ്ധിച്ചില്ല. ഞാൻ എൻെറ പഴയലോകത്തുതന്നെയായിരുന്നു. രാജൻ പിന്നേയും എന്തെല്ലാമോ പറഞ്ഞുകൊണ്ട് പുറത്ത് പോയി അതവൻെറ സ്വഭാവമാണ്. അവൻെറ കാലും കയ്യും നാവും ഒന്നും വെറുതെയിരിക്കില്ല.

എത്രനേരം വീണ്ടും അങ്ങനെ കിടന്നു എന്നോർമ്മയില്ല. പണം കിട്ടാനുള്ള മാർഗ്ഗങ്ങളായിരുന്നു തലച്ചോറിൽ........പെട്ടെന്നാണാ ശാ പ ചി ന്ത യ ങ്കു രി ച്ച ത്. പെട്ടെന്നൊന്നു ചൂളുക തന്നെ ചെയ്തു .... അങ്ങനെ തോന്നിയതിൽ തന്നെത്താൻ ശപിക്കുകയും ചെയ്തു ....... പക്ഷെ ....... ആവേശം ആദർശത്തിന്ന് വഴിമാറികൊടുക്കുകയായിരുന്നു. ഡാക്ടറാവാനുള്ള വാശിയ്ക്ക് മുമ്പിൽ സദാചാരം കണ്ണടയ്ക്കാൻ തയ്യാറായിരുന്നു. അവിവേകം യുക്തിയെകീഴടക്കി.

........ മെ ല്ലെ യെ ണീ റ്റു ....... ഇഴഞ്ഞിഴഞ്ഞ് പെ ട്ടി യു ടെ അടുത്തെത്തി ....... പൂട്ടിയിട്ടില്ല .... മെല്ലെത്തുറന്നു ....... കൈ വി റ യ്ക്കു ന്നു ണ്ടാ യി രു ന്നു ....... ഹൃദയത്തിൻെറ മിടിപ്പ് പുറത്ത് കേഠംക്കുന്നുണ്ടെന്നു് തോന്നി .... വിരലുകഠംക്കിടയിൽ പത്തുറുപ്പിക നോട്ടുകഠം ഇറുങ്ങിക്കിടന്നു .... എഴുന്നേല്ക്കുകയായിരുന്നു .... പെ ട്ടെ ന്നാ ണ് വാതിൽ തുറക്കുന്ന ശബ്ദം കേട്ടത്. ഞെട്ടിത്തിരിഞ്ഞുനോക്കി .... രാജൻ .... രാജൻ ഇത്ര പെട്ടെന്ന് മടങ്ങിവരുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല .... വാതിൽ കൊളുത്തിടാനും മറന്നിരുന്നു ............. പന്തം കണ്ട പെരുച്ചാഴിയെപ്പോലെ നിന്നു രാജൻ .......ഒരു പ്രചാകുപോലെ നി ശ്ച ല നാ യി രു ന്നു ഞാൻ.......... ദേഹത്തിൽക്കൂടി വിയപ്പ് കുതിച്ചൊഴുകി. കണ്ണിൽ ഇരുട്ടു കയറുകയായിരുന്നു.............................................
.........................................................................
.........................................................................

ഓ എന്തൊരു തിരക്കാണീവണ്ടിയിൽ .... ഒരു മൂലയിൽ കുനിപ്പിടിച്ചിരുന്നു. ആരുടെ മുഖത്തും നോക്കാതെ ........

''എങ്ങോട്ടാണീ വണ്ടി പോകുന്നത്, തെക്കോട്ടോ, വടക്കോട്ടോ ..........? ''

# വലിഞ്ഞു പൊട്ടിയ ഞരമ്പുകൾ

സൈതലവി, തിരൂർ


തെറ്റ് ചെയ്തു എന്ന ഒരു തോന്നൽ ! ഉറക്കം .... ഏകാന്തതയെ പുണരാനുള്ള ഒടുങ്ങാത്ത അഭിനിവേശം .... ഒന്നും കൂടി ബാക്കിയുണ്ട് .... ഒരു മനഃശാസ്ത്രപണ്ഡിതൻെറ ഓർമ്മയിൽ വരുന്ന ചില വാക്കുകൾ ........

മുറിവേററ ഒരാത്മാവ്—സകല നീതിശാസ്ത്രങ്ങളേയും ചികഞ്ഞു് നോക്കുന്നു— സ്വയംനീതീകരണം നേടാൻ— അതും കഴിഞ്ഞു്വീണ്ടും തുറിച്ചുനോക്കി .... വെളിച്ചം ! അതിനെ ഇഷ്ടമില്ലെന്നു പറഞ്ഞുകൂട—എങ്കിലും ഇരുട്ടിനെ സ്നേഹിക്കുന്ന ഒരു മനുഷ്യൻ—

'തെറ്റ് ചെയ്തു എന്ന ഒരു തോന്നൽ... ഉറക്കം—'

ബാഹ്യലോകത്തിൻെറ അന്തഃസാരശൂന്യതയിൽ ഞാൻ ദുഃഖിക്കുന്നു—, എന്നോടൊപ്പം ദുഃഖിക്കാത്തവർക്ക് വേണ്ടി— ! ജീവിതം— അതെത്ര സുന്ദരമാണ് ! സ്വീകരിക്കാവുന്ന അതല്ലെങ്കിൽ സ്വീകരിക്കാൻ നിർബ്ബന്ധിതനാവുന്ന ഒരു പ്രമാണം—മരിക്കാൻ തയ്യാറില്ലാത്തപ്പോൾ മറെറന്തു ചെയ്യട്ടെ ?

തലക്ക് സുഖമില്ലെന്നു് പറഞ്ഞുകൂട. അങ്ങനെയാണെങ്കിൽ കൂടി— അതിനെക്കുറിച്ചു് ബോധമുണ്ടെന്നു് പറയണം. എന്നിട്ടും !! 'തെറ്റ് ചെയ്തു എന്ന ഒരു തോന്നൽ'.



ഞരമ്പുകൾ വലിഞ്ഞുപൊട്ടുന്നതുപോലെ—

കുറെ ഞരമ്പുകൾ ചികഞ്ഞെടുത്തിട്ടുണ്ട്. മനുഷ്യൻെറതല്ലെന്നു് മാത്രം.... ! തവളകളുടേത്—സ്രാവിൻേറത് അങ്ങനെ പല ജീവികളുടേതും.... കൈവിരലുകൾ തന്മയത്വത്തോടെ, നീണ്ടകൂർത്ത സൂചിയും കത്രികയും ചലിപ്പിക്കാൻ പരിചയിച്ചപ്പോൾ ആ ഞരമ്പുകൾ തെളിഞ്ഞുവന്നു. അവക്കിടയിൽ കലാബോധത്തോടെ തിരുകിവെച്ച കറുത്ത കടലാസുകൾ അവക്ക് എന്തെന്നില്ലാത്ത ഒരു തെളിമ നല്കി—

'വെരിഗുഡ്'. അനുമോദനങ്ങളിൽ അത്രയധികം താല്പര്യമില്ലായിരുന്നു.

പൊട്ടിപ്പോകാൻ പാടില്ലാത്ത ഒരു ഭാഗമുണ്ട്. ഇനി പൊട്ടിയാൽ ഒരു വഴിയുണ്ട്. ആ ജന്തുവിൻെറ ഒരു വിരൽ വെട്ടിയെടുത്ത് ആ പൊട്ടിയ ഭാഗത്ത് പ്രതിഷ്ഠിക്കുക. അതൊരു പ്രതിഷ്ഠയാണ് – കാരണം, പ്രതിഷ്ഠിക്കപ്പെടുന്നത് ഒരു ദേവനോ ദേവിയോ ആയതുകൊണ്ടു തന്നെ. അതിൻെറ പ്രതിഷ്ഠ നിങ്ങൾക്ക് പ്രശസ്തമായ വിജയം നേടിത്തരുന്നു - ജീവിതത്തിൻെറ ഉയന്ന മണ്ഡലങ്ങളിലേക്ക് നിങ്ങളെ പിടിച്ചു കയററുന്നു. ഇപ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ ഒരു ഡോക്ടറാവാം... പലതുമാവാം മറിച്ച് നിങ്ങൾ ആരുമാകയില്ല — അങ്ങനെ ആഗ്രഹിച്ചു പോയെങ്കിൽകൂടി.

ഇത്രയും മനസ്സിലായപ്പോൾ ആത്മാത്ഥത കുറഞ്ഞുപോയതിൽ സ്വയം കുററപ്പെടുത്തി നോക്കി...

മാംസപേശികൾക്കിടയിൽനിന്നും ചികഞ്ഞെടുക്കുന്ന ആ ഞരമ്പുകൾ അതാണ്–ജീവിതം....

ഹൃദയം ചിരിച്ചു, മുഖം ഗൌരവം നടിച്ചെങ്കിലും...–പൊള്ളത്തരം.

'തെററ് ചെയ്തു. എന്ന ഒരു തോന്നൽ–ഉറക്കം–....?

ചിന്തിക്കാൻ തുടങ്ങി.... പലതും ചിന്തിച്ചു. പലരും ചിന്തിച്ചതാവണം. എങ്കിലും....

ഗുരുകലങ്ങൾ അവാച്യമായഒരനുഭൂതി വളത്തിയിരുന്നു. നളന്ദയും തക്ഷശിലയും ഹൃദയാന്തരാളത്തിൽ തളിത്തുനിന്നിരുന്നു.... ശാന്തിനികേതനം ആദശത്തിൻെറ സാക്ഷാത്കാരമായി വിളങ്ങിയിരുന്നു....

ഒത്തുനോക്കിയപ്പോഴാണ് പൊള്ളത്തരം വ്യക്തമായത്.......

തന്നെ രാസവസ്തുവിൻെറ പേർ പറയണം. ടെസ്റ്റ്ട്യൂബിലിട്ട് അല്പവും ചേത്ത് ചൂടാക്കി -....ബുദ്ധിയും ഹൃദയവും ഒന്നിച്ച് നിർജ്ജീവങ്ങളാവുകയായിരുന്നു-ഒരു നിർവ്വികാരത–....ഒരു അന്തഃസാരശൂന്യത- യുഗങ്ങളായി ആവത്തിക്കപ്പെടുന്ന രാസപരീക്ഷണങ്ങളാണവ–.... !! അതിൽനിന്ന് മനുഷ്യൻ പലതും പഠിച്ചിരിക്കണം !!

ടെസ്റ്റ്ട്യൂബ് ചൂടാക്കിയപ്പോൾ വാതകം കട്ടകട്ടയായി പുറത്തുവന്നു ട്ടം– ഒരു പൊട്ടിത്തെറി. ഷട്ട് മുഴുവൻ നനഞ്ഞു. ....

''ഇത്ര കാലമായിട്ടും ടെസ്റ്റ്ട്യൂബ് ചൂടാക്കാനറിഞ്ഞുകൂടാ. യൂ ഗെററ്ഔട്ട്''' – പ്രാക്ടിക്കൽ നോട്ടു പുസ്തകവുമായി പുറത്തു വന്നപ്പോൾ കണ്ണുകൾ നനഞ്ഞിരുന്നു. ഹൃദയം ചിരിച്ചെങ്കിലും മുഖം ഗൌരവം നടിച്ചു.

ആവത്തിക്കപ്പെടുന്ന ആ പരീക്ഷണങ്ങൾ .... ഇനിയും ആവത്തിക്കപ്പെടും .... വളരെയേറെ കാലത്തേക്കു കൂടി–

എന്നിട്ടും-'തെററ് ചെയ്തു എന്ന ഒരു തോന്നൽ–ഉറക്കം .... ഏകാന്തത .... !!'

ഹൃദയം നീറിത്തുടങ്ങി–ഞരമ്പുകൾ വലിഞ്ഞു പൊട്ടുന്നതുപോലെ-തലയോട്ടിന്നകത്ത് ഒരു നീററൽ–പൊട്ടിത്തെറിച്ചെങ്കിൽ എന്നാഗ്രഹിച്ചു–....മരണത്തെ ഇഷ്ടപ്പെടാതിരുന്നിട്ടുകൂടി–....

ക്ലാസുമുറി ഇഷ്ടസങ്കേതമായിരുന്നു–പരീക്ഷണശാലകൾ പ്രിയംകരങ്ങളായിരുന്നു— .... !!

എവിടെയോ ഒരു നീററൽ–ഒപ്പം, തെററ് ചെയ്തു എന്ന ഒരു തോന്നലും.

സ്വയം അവകാശപ്പെടാൻ ഒന്നുമില്ല–കുറേ ബാക്കി നില്ക്കുന്ന കടമകൾ മാത്രം.... അതിനെക്കുറിച്ച് അത്രതന്നെ വേവലാതി

തോന്നിയില്ല. എങ്കിലും ഹൃദയത്തിൽ ഒരു തീക്ഷ്ണരശ്മി സ്വയം കുത്തി നിർത്തിയതു പോലെ -

തലക്ക് സുഖമില്ലെന്ന് പറഞ്ഞുകൂട. അങ്ങനെയാണെങ്കിൽ കൂടി അതിനെപററി ബോധമുണ്ടെന്ന് പറയണം.

ലാബറട്ടറിയിൽ ഉപയോഗിച്ചിരുന്ന ഒരു ഷട്ട്ഗണ്ട്. ചെറിയ ചെറിയ ദ്വാരങ്ങൾ അതിലുണ്ട് ...

''രസതന്ത്രക്കാരനാ''

ഹൃദയം ചിരിച്ചു. മുഖം ഗൌരവം നടിച്ചു. ആ പട്ട് ഉപയോഗിക്കാതായപ്പോൾ തെല്ലൊരു സുഖം തോന്നി— ഒരു സംതൃപ്തി.... !!

'തെററ് ചെയ്തു എന്ന ഒരു തോന്നൽ —ഉറക്കം'

തല ചുററുന്നതു പോലെ തോന്നി. ഭക്ഷണം കഴിച്ചിട്ട് കുറേ നേരമായി. യാന്ത്രികമായിട്ടെന്നപോലെ എണീററ് ഹോട്ടലിൽ ചെന്നുകയറി—

''ഒരു ചായ''

ആരും, എന്നെ കാണരുതെന്നാശിച്ചു-പ്രാർത്ഥിച്ചു. ചായക്കോപ്പയിലേക്ക് തുറിച്ചുനോക്കി കുറേ ഇരുന്നു. തണുത്തുപോകുന്നതിനുമുമ്പ് അതു കുടിക്കണം എന്നറിയാഞ്ഞിട്ടല്ല—അങ്ങനെ ഇരുന്നെന്ന് മാത്രം....

ദൂരെ പരീക്ഷണശാലയുടെ ആ കൂററൻ കെട്ടിടം കാണാം—അതിന്നു മുകളിൽ ഇപ്പോഴും മനുഷ്യർ ജോലി ചെയ്യുന്നു—റിപ്പേയർ ജോലികൾ നടക്കുകയാണ്—മനുഷ്യപ്രയത്നത്തെക്കുറിച്ച് ചിന്തിച്ചു.... അതിൻെറ സൌന്ദര്യത്തെക്കുറിച്ചാലോചിച്ചപ്പോൾ മനസ്സിൻെറ യാന്ത്രികത്വം തകർന്നു ....ലഹരി പിടിച്ചതുപോലെ തോന്നി—

ഹോട്ടലിൽ നിന്നിറങ്ങിയപ്പോൾ കാലുകൾ വിറക്കാൻ തുടങ്ങിയിരുന്നു...... അട്ടഹസിക്കണമെന്നു തോന്നി.... അങ്ങനെ ചെയ്യരുതെന്ന് ബോധമുള്ളപ്പോൾ തലക്ക് സുഖമില്ലെന്ന് പറയാൻ പററില്ലല്ലോ.

മുറിയിൽ വന്നു കയറി കട്ടിലിൽ വീണു— ഹൃദയത്തിലെ യാന്ത്രികത്വം തക ന്നു കഴിഞ്ഞിരുന്ന — ജനവാതിലിലൂടെ വിദൂരതയിലേക്ക് നോക്കി കണ്ണുക വികസിച്ചു..... ഒരു കെട്ടിടത്തിൻെറ നി ർമ്മാണപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ഒ പററം ആളുകൾ - വിയർത്തൊലിക്കുന്ന അ ത്രുപങ്ങൾ വെയിൽ തട്ടിത്തിളങ്ങി—

അവാച്യമായ ഒരനുഭൂതി ഹൃദ ത്തിൽ കട്ടപിടിച്ചു....

മേശമേൽ ചിതറിക്കിടന്നിരുന്ന ത യൻ പുസ്തകങ്ങളിലൊന്നെടുത്ത് മറി നോക്കി— അക്ഷരങ്ങൾ വ്യക്തമാവുന്നില്ല അടുത്തുവരുന്ന പരീക്ഷയെക്കുറിച്ചു ന ബോധമുള്ളപ്പോൾ തലക്ക് സുഖമില്ലെ പറയാൻ വയ്യ.

സുഹൃത്തുക്കൾ വരുന്നു, പോകുന്നു. ത ശകൾ പറഞ്ഞു അവരെ ചിരിപ്പിക്കണ അവരെ മുഷിപ്പിക്കരുതല്ലോ— തൊണ്ട ളുന്നതുവരെ സംസാരിച്ചു, ഉറക്കെ. ഇ വയ്യെന്നായപ്പോൾ സങ്കടം തോന്നി — ക്ഷീണിച്ചു വരുന്ന ശരീരത്തെക്കുറി ബോധമുണ്ടായിരുന്നു... മരുന്നു കുടിക്ക മെന്നും ബോധമുണ്ടായിരുന്നു.... പക്ഷെ കുടിച്ചില്ല.

"തെററ് ചെയ്തു എന്ന ഒരു തോന്ന ഉറക്കം. ഏകാന്തത !''

ഇത്രയുമായപ്പോൾ മരണത്തെക്കുറ ആലോചിച്ചു. കട്ടിലിൽ കണ്ണടച്ചു ന്നു പ്രാർത്ഥിച്ചു. "എന്നെ സൃഷ്ടിച്ച വനായ തമ്പുരാനെ! എൻെറ ജീവൻ

ക്കിത്തരൂ.......!'' അങ്ങനെ പ്രാർത്ഥിക്കരുതെന്ന് ബോധമുണ്ടായിരുന്നു– എന്നിട്ടും പ്രാർത്ഥിച്ചു.

പരീക്ഷയ്ക്കുള്ളത്.... കുറെ ജന്തുക്കളെപ്പററി പഠിച്ചു– കുറെ ലോഹങ്ങളെക്കുറിച്ചും അങ്ങനെ കുറെ പഠിച്ചു —അത്രമാത്രം —

തികഞ്ഞ ആത്മവിശ്വാസമില്ലാഞ്ഞിട്ടും ആ പരീക്ഷണ ശാലകളിൽ ചെന്നു– 'തവളയുടെ ഹൃദയത്തെ ഞരമ്പുകൾ–'.

ചെയ്തു തുടങ്ങി.... പൊട്ടാൻ പാടില്ലാത്ത ഭാഗം ശ്രദ്ധിച്ച് കണ്ടു വെച്ചു ഞരമ്പുകൾ ചികഞ്ഞെടുത്തു തുടങ്ങി. പൊട്ടാൻ പാടില്ലാത്ത ഭാഗത്തെത്തിയപ്പോൾ കൈകൾ നിശ്ചലങ്ങളായി– ഇനി ശ്രദ്ധിക്കണം ഈ ഞരമ്പുകൾ ജീവിതത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഘടകങ്ങളാണ്—

വെളുത്തു മെലിഞ്ഞ ഞരമ്പുകൾ വെള്ളിനിറമുള്ള നീണ്ട സൂചിമുനകൾക്കു മുകളിൽ എടുത്തു പിടിച്ചു. ആവൂ ഇനി എനിക്കാരുമാവാം– ഡോക്ടരാവാം— അങ്ങനെ പലതുമാവാം... പൊട്ടാൻ പാടില്ലാത്ത ആ സ്ഥലത്ത് സൂചി വെച്ചപ്പോൾ.... ഹൃദയം നടുങ്ങി. ഇത് പൊട്ടിച്ച് മാററിയാൽ – നീ ആരുമാകയില്ല....

കണ്ണുകൾ അവ്യക്തങ്ങളാകുന്നതു പോലെ– ഒന്നും കാണുന്നില്ല.... ഹൃദയം എന്തെന്നില്ലാതെ പേടിച്ചു–.... വെള്ളത്തിന്നടിയിൽ വെച്ചു നോക്കി–... ഒന്നും കാണുന്നില്ല–.... വാച്ചിലേക്കു നോക്കി–... ഹോ, ദൈവമേ ! സമയമധികമില്ല—.... സൂചിയും കത്രികയും എന്തൊക്കെയോ പ്രവർത്തിച്ചു— എവിടെയൊക്കെയോ.......

ബോധം വീണ്ടു കിട്ടിയതു പോലെ.... തലച്ചുററൽ നിന്നു.... ആ ഞരമ്പുകൾ ശ്രദ്ധിച്ചു.... പൊട്ടികരയണമെന്നു തോന്നി.... രണ്ടെണ്ണം പൊട്ടിക്കിടക്കുന്നു....... ഇനി ഒന്നുകൂടി ബാക്കിയുണ്ട്–.... പതുക്കെ അതിനെ സൂചിക്കു മുകളിലാക്കി പൊന്തിക്കാൻ തുടങ്ങി–.... അവ വലിഞ്ഞു തുടങ്ങി നീ ജീവിതത്തിന്റെ ആരുമാകയില്ല—.... പൊട്ടിച്ചിരിക്കണമെന്ന് തോന്നി. സൂചി കുറെക്കൂടി പൊന്തിച്ചു. ആ ഞരമ്പ് വീണ്ടും വലിഞ്ഞു..... വലിഞ്ഞ് വലിഞ്ഞ്.... അതും പൊട്ടി ....... !!

കൈ കഴുകി പുറത്തേക്ക് പോന്നു. മേശമേൽ കലാപരമായി വെട്ടിനുറുക്കിയിട്ടിരുന്ന കറുത്ത കടലാസ്സുകഷ്ണങ്ങൾ എന്നെ നോക്കി കൊഞ്ഞനം കുത്തുന്നതുപോലെ.... അധികമവിടെ നിന്നില്ല....... വേഗം നടന്നു—.... ഓടുകയായിരുന്നു–....

കട്ടിലിൽ കമിഴ്ന്നു കിടന്നപ്പോൾ ആ വലിഞ്ഞു പൊട്ടിയ ഞരമ്പുകൾ–.... കണ്ണിൽ തിളങ്ങി.... ഒപ്പം.... ഞരമ്പുകൾ വലിഞ്ഞു പൊട്ടുന്നതു പോലെ ഒരു തോന്നലും.......

''തെററു ചെയ്തു എന്ന ഒരു തോന്നൽ ...

ഉറക്കം........

ഏകാന്തത........

ഒന്നുകൂടി ബാക്കിയുണ്ട്... ഒരു മനശാസ്ത്രപണ്ഡിതന്റെ ഓർമ്മയിൽ വരുന്ന ചില വാക്കുകൾ—